# അകത്താളുകളിൽ


**പുതുവർഷത്തിൽ ചില തീരുമാനങ്ങൾ**
ഡോ. കെ.സി.ജോൺസൺ ............ 3

**അപ്പൊസ്തലന്മാരുടെ പ്രവൃത്തി . . .**
വി.പി. ജേക്കബ് ...................... .......... 4

**പരിണാമ സൃഷ്ടി വിവാദം**
ഡോ. ജോൺസൺ ജോർജ്ജ് ........ 6

**ഉറ്റവരും ഉഗ്രവാദവും**
കെ.വി. കോശി .................................. 7

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. സാമുവേൽ ................ 10

**യഹോവ വാതിൽ അടച്ചു. . . . .**
ജോർജ്ജ് സി. വറുഗീസ് .................. 11

**ന്യായം വിധിക്കുന്ന സമയം**
ബെൻസിക് മിരാന്റെ .................... .... 13

**പുതിയ സൃഷ്ടി**
എം.റ്റി. ജോർജ്ജ് ................................ 14

**തിമൊഥെയോസിന് എഴുതിയ . . . .**
ജേക്കബ് തോമസ് .............................. 17

**2008 എങ്ങനെ ആയിരിക്കണം**
കെ.കമലം ............................................ 18

**ബൈബിൾ പ്രശ്നാവലി** 20

**വിശ്വസ്തത . . . .**
യോഹന്നാൻ ഏബ്രഹാം................. 21

**വാർത്തകളും, കുറിപ്പുകളും** 22


## *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVII** **No.1**

## 2008 ജനുവരി

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഓ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഓ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@gmail.com

# പുതുവർഷത്തിൽ ചില തീരുമാനങ്ങൾ

ഡോ. കെ.സി.ജോൺസൺ, മാവേലിക്കര

"ഒരു വർഷംകൂടെ നമ്മെ വിട്ട് കടന്നുപോയി. 2007നോട് വിടപറഞ്ഞ് നാം ഇപ്പോൾ 2008ലേയ്ക്ക് പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. വ്യക്തികളായും കുടുംബമായും സഭയായും ദൈവിക കരുതലുകൾ ഈ കഴിഞ്ഞ വർഷം നമുക്ക് അനുഭവിക്കുന്നതിന് ഇടയാക്കിയ സർവ്വകൃപാലുവായ ദൈവത്തിന് ആദ്യംതന്നെ നന്ദി അർപ്പിക്കട്ടെ.

വിജയകരമായ ജീവിതത്തിന് ദൈവവചനാടിസ്ഥാനത്തിൽ നാം എടുക്കുന്ന തീരുമാനത്തിന് ഏറെ പ്രസക്തിയുണ്ട്. വേദപുസ്തകത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന പല പ്രമുഖ വ്യക്തികളും അവരുടെ ജീവിതത്തിന്റെ വ്യത്യസ്ത രംഗങ്ങളിൽ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അവർ എടുത്ത തീരുമാനങ്ങൾ ദൈവിക അനുഗ്രഹ ലഭ്യതയ്ക്കും അവരുടെ ജീവിത വിജയത്തിനും മുഖാന്തരമായിത്തീർന്നു എന്നും ബൈബിളിൽനിന്നും വ്യക്തമാകുന്നു. ഒരു വ്യക്തി തന്റെ ജീവിതത്തിൽ മൗലികമായി എടുക്കേണ്ട തീരുമാനം തനിക്കു പകരമായി ക്രൂശിൽ മരിച്ച് അടക്കപ്പെട്ടു മരണത്തെ ജയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ "യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് ഏറ്റുപറഞ്ഞ് അവനിൽ വിശ്വസിച്ച് രക്ഷിക്കപ്പെടുക" എന്നുള്ളതാണ്. അങ്ങനെയുള്ള ഒരു തീരുമാനമായിരുന്നു മോവാബ്യ സ്ത്രീ ആയിരുന്ന രൂത്ത് എടുത്തത്. അവൾ പറഞ്ഞു: "*നിന്റെ ജനം എന്റെ ജനം, നിന്റെ ദൈവം എന്റെ ദൈവം*" (രൂത്ത് 1:16). വേദപുസ്തകം വെളിപ്പെടുത്തുന്ന ദൈവത്തിന്റെ പ്രത്യേകതകൾ തന്റെ അമ്മായിഅമ്മയിൽനിന്നും മനസ്സിലാക്കിയ രൂത്ത് അവരുടെ ദൈവത്തെ തന്റെ ദൈവമായി അംഗീകരിക്കുന്ന ഒരു തീരുമാനത്തിലേയ്ക്ക് എത്തിച്ചേർന്നു.

ഇത്തരുണത്തിൽ നാം എടുക്കേണ്ട ചില തീരുമാനങ്ങൾ ഓർപ്പിക്കട്ടെ.

## 1. വിശുദ്ധ ജീവിതത്തിനുള്ള തീരുമാനം

യെരൂശലേമിൽ നിന്നും ബാബിലോണിലേയ്ക്ക് പ്രവാസിയായി പിടിച്ചുകൊണ്ടുവന്ന അന്നു യുവാവായിരുന്ന ദാനീയേലിന്റെ തീരുമാനം ജീവിതവിശുദ്ധി സംബന്ധമായ ഒന്നായിരുന്നു. "*രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ല എന്നു ദാനീയേൽ ഹൃദയത്തിൽ നിശ്ചയിച്ചു, തനിക്ക് അശുദ്ധി ഭവിപ്പാൻ ഇടവരുത്തരുതെന്നു ഷണ്ഡാധിപനോട് അപേക്ഷിച്ചു*" (ദാനീ. 1:8). ദാനീയേൽ എടുത്ത തീരുമാനം പോലെ ഒരു തീരുമാനം നമുക്കും ഈ പുതുവർഷത്തിൽ എടുക്കാം. നമ്മുടെ ഭക്ഷണപാനീയങ്ങൾ കൊണ്ടോ, നമ്മുടെ ശരീരംകൊണ്ടോ, ഏതെങ്കിലും പ്രവൃത്തികൊണ്ടോ നമ്മെ ഈ വർഷത്തിൽ അശുദ്ധമാക്കുകയില്ല എന്നൊരു തീരുമാനം നമുക്ക് എടുക്കാം. വിശ്വാസികൾ തങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും ദൈവത്തിനു പ്രസാദവുമുള്ള സജീവ യാഗമായി സമർപ്പിക്കേണ്ടതാണ് (റോമർ 12:1). അശുദ്ധിയിൽ ജീവിക്കുന്നവർ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് വിശുദ്ധ ജീവിതത്തിലേയ്ക്ക് മടങ്ങി വരുന്നതിന് ഈ പുതിയ വർഷത്തിൽ ഇടയാകട്ടെ.

## 2. ദൈവവചനം വായിക്കുന്നതിനും ധ്യാനിക്കുന്നതിനുമുള്ള തീരുമാനം

119-ാം സങ്കീർത്തനത്തിന്റെ രചയിതാവിന്റെ തീരുമാനം ഇപ്രകാരമായിരുന്നു. "*ഞാൻ നിന്റെ പ്രമാണങ്ങളെ ധ്യാനിക്കുകയും നിന്റെ വഴികളെ സൂക്ഷിക്കുകയും ചെയ്യുന്നു. ഞാൻ നിന്റെ ചട്ടങ്ങളിൽ രസിക്കും. നിന്റെ വചനത്തെ മറക്കുകയുമില്ല*" (സങ്കീ.119:15,16). ഇന്ന് അനേക വിശ്വാസികൾക്കും ദൈവവചനം വായിക്കുന്നതിനോ ധ്യാനിക്കുന്നതിനോ സമയമില്ല. ഇന്ന് ദൈവം നമ്മോട് സംസാരിക്കുന്നത് തന്റെ വചനത്തിൽ കൂടിയാണ്. ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ള (2 തിമൊ. 3:17) തിരുവചനം ക്രമമായി ഞാൻ വായിക്കും, ധ്യാനിക്കും എന്നതാകട്ടെ നമ്മുടെ പുതുവത്സര തീരുമാനം. അത് നമ്മുടെ ആത്മീയ വളർച്ചയ്ക്കും പക്വതയ്ക്കും മുഖാന്തരമായിത്തീരും.

## 3. പ്രാർത്ഥിക്കുന്നതിനുള്ള തീരുമാനം

ദാവീദിന്റെ തീരുമാനം ഇപ്രകാരമായിരുന്നു: "*ഞാനോ ദൈവത്തെ വിളിച്ചപേക്ഷിക്കും . . ഞാൻ വൈകുന്നേരത്തും കാലത്തും ഉച്ചെയ്ക്കും സങ്കടം ബോധിപ്പിച്ചു കരയും; അവൻ എന്റെ പ്രാർത്ഥന*

# "അപ്പൊസ്തലന്മാരുടെ പ്രവൃത്തി"കളിലെ സ്വർണ്ണമണികൾ-13

വി.പി. ജേക്കബ്, തിരുവനന്തപുരം

സുവിശേഷകന്മാരും സഹോദരന്മാരും സഹകരിച്ച് സ്വരച്ചേർച്ചയോടെ കർത്തൃവേലയിൽ പങ്കെടുക്കുവാൻ സാധിക്കുമോ? സാധിക്കും. "സഹോദരപ്രീതിയിൽ തമ്മിൽ സ്ഥായിപൂണ്ട് ബഹുമാനിക്കുന്നതിൽ അന്യോന്യം മുന്നിട്ട് കൊൾവിൻ" (റോമർ 12:10) എന്തുകൊണ്ടാണ് സഹോദരന്മാരുടെ ഇടയിൽ വഴക്കും ഏറ്റുമുട്ടലും ഭിന്നതയും മറ്റും ഉണ്ടാകുന്നത്. ഈ തിരുവെഴുത്ത് പ്രായോഗികമാകാത്തതുകൊണ്ടാണ്? ഞങ്ങൾ കുടുംബമായി കർത്താവിന്റെ വേലക്ക് മൈസൂർ നഗരത്തിൽ പോയത് 1946 ഫെബ്രുവരിയിൽ ആയിരുന്നു. അവിടുത്തെ പ്രവർത്തനത്തിന്റെ ആരംഭം മുതൽ പരേതനായ എസ്സ്. സത്യദാസിന്റെ ഭവനമായിരുന്നു ഞങ്ങളുടെ താവളം. സത്യദാസും അദ്ദേഹത്തിന്റെ സഹധർമ്മണിയും നേരത്തെ തന്നെ രക്ഷിക്കപ്പെട്ടവരായിരുന്നു. പ്രസ്തുത ദമ്പതികൾ ദൈവവചനത്തിലെ സത്യങ്ങൾ മനസ്സിലാക്കി. മി. സത്യദാസ് മൈലപ്രയിൽ വച്ച് നടന്ന Y.M.E.F. ക്യാമ്പിൽ തന്റെ അനുഭവ സാക്ഷ്യം പറയുകയും പരേതനായ കോട്ടയം കെ.കെ. തോമാച്ചന്റെ കൈക്കീഴിൽ കുമ്പഴക്കടവിൽ സ്നാനപ്പെടുകയും ചെയ്തു. ശ്രീമതി പ്രസന്നി സത്യദാസ് കോളാർ ജില്ലയിലെ ചിന്താമണി എന്ന സ്ഥലത്തുവെച്ച് വിശ്വാസ സ്നാനം സ്വീകരിച്ചു. മി. സത്യദാസും ഞാനും 11 വർഷം കർത്തൃവേലയിൽ സഹകരിച്ചു പ്രവർത്തിച്ചു. കൃപയാൽ ഞങ്ങൾ തമ്മിൽ ഒരിക്കലും ഏറ്റുമുട്ടലുണ്ടായിട്ടില്ല. അദ്ദേഹം കർണ്ണാടക സ്വദേശിയായതുകൊണ്ടും തന്റെ ഉദ്യോഗം രാജിവെച്ച് ആദ്യം കർണ്ണാടക നാട്ടിൽ നിന്ന് വിശ്വാസത്താൽ സുവിശേഷകനായി പുറപ്പെട്ടതുകൊണ്ടും തനിക്ക് എന്നേക്കാൾ 20 വയസ്സ് പ്രായം കൂടുതൽ ഉണ്ടായിരുന്നതുകൊണ്ടും ഞാൻ അദ്ദേഹത്തിന് എല്ലായിടത്തും എപ്പോഴും ബഹുമാനവും ഒന്നാംസ്ഥാനവും കൊടുത്തു. ഞാൻ കേരളത്തിൽ നിന്ന് ഉദ്യോഗം രാജിവെച്ച് കർത്തൃവേലക്കായി കർണ്ണാടക നാട്ടിൽ ചെന്ന ഒരു ബിരുദധാരി എന്ന അടിസ്ഥാനത്തിൽ മി. സത്യദാസ് എനിക്ക് എല്ലായിടത്തും എപ്പോഴും ബഹുമാനവും ഒന്നാംസ്ഥാനവും തന്നു. അങ്ങനെ ഞങ്ങൾ രണ്ടു പേരും "ഒന്നാം സ്ഥാനക്കാരായി" പിന്നെ എന്തിന് ഏറ്റുമുട്ടലുണ്ടാകണം?

ശീലാസിന്റെ ജീവിതവിജയത്തിനു കാരണമായ ഒരു സ്വഭാവവിശേഷം വിശ്വസ്തത ആയിരുന്നു. "നിങ്ങളെ പ്രബോധിപ്പിച്ചും നിങ്ങൾ നിൽക്കുന്നത് ദൈവത്തിന്റെ സത്യകൃപയാൽ ആകുന്നു എന്ന് സാക്ഷീകരിച്ചുംകൊണ്ട് ഞാൻ

---

*കേൾക്കും*" (സങ്കീ. 55:16,17). വ്യക്തിപരമായ പ്രാർത്ഥനയും കുടുംബ പ്രാർത്ഥനയും സഭയുടെ പ്രാർത്ഥനാ യോഗവുമെല്ലാം അപ്രധാനമായി കരുതുന്ന വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അതിനു ഇന്നത്തെ വാർത്താമാധ്യമങ്ങൾ ഒരു കാരണവുമാണ്. എന്നാൽ ഒന്ന് ദൈവമക്കൾ ഓർക്കേണ്ടതുണ്ട്. ഇന്ന് നമുക്ക് ദൈവത്തോട് സംസാരിക്കുന്നതിനുള്ള മാർഗ്ഗം പ്രാർത്ഥന ഒന്നു മാത്രമാണ്. "*ഇടവിടാതെ പ്രാർത്ഥിപ്പിൻ*" (1 തെസ്സ. 5:17) എന്നാണല്ലൊ പുതിയനിയമ ഉപദേശം.

### 4. ആരാധിക്കുന്നതിനുള്ള തീരുമാനം

2007-ൽ എത്ര ആരാധനായോഗങ്ങളാണ് വിശ്വാസികൾ പല കാരണങ്ങളാൽ അലക്ഷ്യമാക്കിയിട്ടുള്ളത്. എബ്രായവിശ്വാസികൾ സഭായോഗങ്ങളെ ഉപേക്ഷയായി വിചാരിച്ചതുപോലെ (എബ്രാ. 10:24) നാം ചെയ്യരുത്. ആരാധനയോടു ബന്ധപ്പെട്ട് ദാവീദ് എടുത്ത തീരുമാനം നമ്മുടേയും തീരുമാനമാകട്ടെ: "*ഞാനോ, നിന്റെ കൃപയുടെ ബഹുത്വത്താൽ നിന്റെ ആലയത്തിലേയ്ക്ക് ചെന്നു നിന്റെ വിശുദ്ധ മന്ദിരത്തിനു നേരെ നിങ്കലുള്ള ഭക്തിയോട് ആരാധിക്കും*" (സങ്കീ. 5:7). ●

---

## നവവത്സരാശംസകൾ

ആത്മപ്രകാശിനിയുടെ വായനക്കാരായ എല്ലാ പ്രിയപ്പെട്ടവർക്കും ആത്മപ്രകാശിനി പ്രവർത്തക സമിതിയുടെ നവവത്സരാശംസകൾ അർപ്പിച്ചുകൊള്ളുന്നു. കൂടാതെ ആത്മപ്രകാശിനി അതിന്റെ 29-ാം വർഷത്തെ ശുശ്രൂഷയിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ 28 വർഷങ്ങളായി ദൈവവചനസത്യങ്ങൾ യാതൊരു കലർപ്പുമില്ലാതെ പ്രസിദ്ധീകരിക്കുന്നതിനും ഉപദേശസത്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതിനും ആത്മാവിന്റെ വചനത്തിന്മേലുള്ള പ്രകാശനം അനുവാചകരുമായി പങ്കുവെക്കുന്നതിനും ഇതിന്റെ പിന്നണി പ്രവർത്തകർക്കു ബലം നൽകിയ ദൈവത്തിനു എല്ലാ മഹത്വവും അർപ്പിക്കുന്നു. ഈ പ്രസിദ്ധീകരണത്തിന്റെ അനുഗ്രഹത്തിനുവേണ്ടി ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും സാദരം ക്ഷണിക്കുന്നു.

നിങ്ങൾക്ക് വിശ്വസ്ത സഹോദരൻ എന്ന് നിരൂപിക്കുന്ന സിൽവാനോസ് മുഖാന്തരം ചുരുക്കത്തിൽ എഴുതിയിരിക്കുന്നു" (1 പത്രൊ. 5:12) ശീലാസും സില്വാനോസും ഒരു വ്യക്തി തന്നെ. വിശ്വസ്തത എന്നത് വളരെ വിപുലമായ ഒരു വിഷയമാണ്. പെട്ടെന്ന് വേദവിദ്യാർത്ഥിയുടെ ഓർമ്മയിലേക്ക് തള്ളിക്കയറുന്നത് "യഹോവേ, രക്ഷിക്കേണമേ; ഭക്തന്മാരില്ലാതെ പോകുന്നു; വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു'' (സങ്കീ. 12:1) എന്ന വാക്യമാണ്. ഭക്തിയും വിശ്വസ്തതയും ഒരുമിച്ചുപോകുന്ന 2 കാര്യങ്ങളാണ്. സങ്കീർത്തനക്കാരൻ വിലപിച്ചതുപോലെ വിലപിക്കേണ്ട ഒരു കാലത്തിലാണ് നാം ജീവിക്കുന്നത്. ദൈവം വളരെ വിലമതിക്കുന്ന ഒരു ഗുണവിശേഷമാണ് വിശ്വസ്തത എന്നതിന് ബഹുലം തിരുവെഴുത്തുകൾ ഉദ്ധരിക്കാൻ സാധിക്കും.

ദാനിയേലിന്റെ വിശ്വസ്തതയെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു. ആകയാൽ അദ്ധ്യക്ഷൻമാരും പ്രധാന ദേശാധിപന്മാരും രാജ്യം സംബന്ധിച്ച് ദാനിയേലിനു വിരോധമായി കാരണം കണ്ടെത്തുവാൻ അന്വേഷിച്ചു; എന്നാൽ, യാതൊരു കാരണവും കുറ്റവും കണ്ടെത്തുവാൻ അവർക്ക് കഴിഞ്ഞില്ല. അവൻ വിശ്വസ്തനായിരുന്നതുകൊണ്ട് ഒരു തെറ്റും കുറ്റവും അവനിൽ കണ്ടെത്തിയില്ല" (ദാനി 6:4). പ്രസ്തുത വാക്യത്തിലുള്ള ''കുറ്റം'' എന്ന പദത്തിന് ''Corruption'' എന്ന പദമാണ് ജെ.എൻ.ഡാർബി ഉപയോഗിച്ചിരിക്കുന്നത് ദാനി 2:9ലും ഇതേ പദം വരുന്നുണ്ട്. പ്രസ്തുത ഇംഗ്ലീഷ് പദത്തിന് സത്യസന്ധമില്ലായ്മ, ധാർമ്മികമായി ദുഷിച്ചത് എന്നീ അർത്ഥങ്ങൾ ഉണ്ട്. ഇന്നത്തെ രാഷ്ട്രീയ ഗോളങ്ങളിൽ വളരെ പ്രചാരമുള്ള ഒരു പദമായിത്തീർന്നിരിക്കുന്നു. "ചീത്ത ഭർത്താവ് തൈരിലും കല്ലു തിരയുന്നു'' എന്ന് കർണ്ണാടകത്തിൽ ഒരു പഴമൊഴിയുണ്ട്. ഭാര്യയെ തല്ലാൻ എന്തെങ്കിലും ഒരു കാരണം വേണ്ടേ? ചോറിലും കറിയിലും ഒരു ചെറിയ കല്ല് കണ്ടു എന്ന് വരാം. എന്നാൽ തൈരിൽ കല്ലുകാണാനുള്ള യാതൊരു സാദ്ധ്യതയുമില്ല. എങ്കിലും ചീത്ത ഭർത്താവ് തിരച്ചിൽ അവസാനിപ്പിച്ചിട്ടില്ല. ഇന്ന് ഭരണപക്ഷവും പ്രതിപക്ഷവും പരസ്പരം കരിതേക്കുന്നതിന് ഒരു കാരണം കിട്ടുന്നതിന് എന്തുമാത്രം പണിപ്പെടുന്നു. രാഷ്ട്രീയത്തിൽ അഴിമതി ഇല്ലാതെ ജീവിക്കുവാൻ സാധിക്കുമോ?

നാട്ടുരാജ്യങ്ങൾ നിലവിലിരിക്കുന്ന കാലമായിരുന്നു അത്. മൈസൂർ സംസ്ഥാനത്തിലെ ദിവാനും പ്രസിദ്ധ എൻജിനീയറുമായിരുന്ന ഡോ. വിശ്വേശരയ്യരുടെ കാര്യമാണ് എന്റെ ഓർമ്മയിൽ വരുന്നത്. കോടിക്കണക്കിന് അന്തർദേശീയ വിനോദസഞ്ചാരികളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന കണ്ണമ്പാടി അണക്കെട്ടും അതോടു ചേർന്ന മനോഹരമായ വൃന്ദാവൻ പൂന്തോട്ടങ്ങളും ആ ബുദ്ധിരാക്ഷസന്റെ കൈവേലയാണ്. അദ്ദേഹം ദിവാനായിരുന്നപ്പോൾ ചില അനുചരന്മാരെകൂട്ടി സർക്കീട്ടു പോകുമായിരുന്നു. പകലത്തെ ജോലി കഴിഞ്ഞ് രാത്രിയിൽ അതാത് സ്ഥലങ്ങളിലുള്ള പ്രവാസി മന്ദിരങ്ങളിൽ താമസിക്കപതിവായിരുന്നു. അദ്ദേഹം ഒരു മെഴുകുതിരി കത്തിച്ചുവെച്ച് അതിന്റെ വെളിച്ചത്തിൽ കെട്ടുകണക്കിനുള്ള ഫയലുകൾ പരിശോധിക്കും. അതു കഴിഞ്ഞ് ആ മെഴുകുതിരി അണച്ച് മാറ്റി വെക്കും. പിന്നെ അദ്ദേഹം വേറൊരു മെഴുകുതിരി കത്തിച്ചുവെച്ച് അതിന്റെ വെളിച്ചത്തിൽ നോവൽ വായിക്കും. വായനകഴിഞ്ഞ അദ്ദേഹം സുഖമായി ഉറങ്ങുകയും ചെയ്യും. ഡോ. വിശ്വേശരയ്യ യാത്രകളിൽ എപ്പോഴും 2 മെഴുകുതിരി കൊണ്ടു പോകുമായിരുന്നു. ഫയൽ നോക്കുന്നതിനുള്ള മെഴുകുതിരി വേറെ. അത് സർക്കാർ കാര്യമാണല്ലോ. നോവൽ വായിക്കുന്നതിനുള്ള മെഴുകുതിരി വേറെ. അത് സ്വന്തം കാര്യമാണല്ലോ. അതുകൊണ്ട് ആ മെഴുകുതിരിയുടെ ചെലവ് അദ്ദേഹം ഒരിക്കലും സർക്കാർ കണക്കിൽ ഉൾപ്പെടുത്തുകയില്ല. പ്രസ്തുത ചെലവ് താൻ തന്നെ വഹിക്കുമായിരുന്നു. ഇക്കാലത്ത് ''2 മെഴുകുതിരി കൊണ്ടുനടക്കുന്ന" സർക്കാർ ഉദ്യോഗസ്ഥന്മാർ എത്ര കാണും? അവർ വളരെ ചുരുക്കമായിരിക്കും. ഹൈന്ദവനായിരുന്ന അദ്ദേഹത്തിന്റെ നിഷ്ഠയും ക്രമവും കണിശവും സർക്കാർ ഉദ്യോഗത്തിൽ ഇരിക്കുന്ന നമ്മുടെ പ്രിയ സഹോദരീ സഹോദരന്മാർക്ക് ഒരു വെല്ലുവിളി ആയിരിക്കട്ടെ.

ഒരു കഥ പറഞ്ഞ് ഈ ലേഖനം ഉപസംഹരിക്കാം. ഒരു രാജാവിന് ഒരു മന്ത്രി ആവശ്യമായി വന്നു. മന്ത്രി വിശ്വസ്തനായിരിക്കണം എന്ന വ്യവസ്ഥ മാത്രമേ ഉണ്ടായിരുന്നുള്ളൂ. രാജാവ് ഒരു വിളംബരം മൂലം അക്കാര്യം പ്രസിദ്ധപ്പെടുത്തുകയും അഭിമുഖത്തിന് ഒരുദിവസം നിശ്ചയിക്കുകയും ചെയ്തു. നിശ്ചിത ദിവസത്തിൽ അനേകം സ്ഥാനാർത്ഥികൾ കൊട്ടാരത്തിന്റെ മുമ്പിൽ തടിച്ചുകൂടി. രാജാവ് തന്റെ സിംഹാസനത്തിൽ ഉപവിഷ്ഠനായി. സ്ഥാനാർത്ഥികൾ കൊട്ടാരത്തിലെ ഒരു വാതിലിൽക്കൂടി പ്രവേശിച്ച് നീളമുള്ള ഒരു ഇരുട്ടുമുറിയിൽക്കൂടെ നടന്ന് രാജാവിന്റെ മുമ്പിൽ ചെല്ലണമെന്നായിരുന്നു കല്പന. വിശാലമായ മുറിയുടെ നടപ്പാതയുടെ ഇരുവശങ്ങളിലും സ്വർണ്ണനാണയങ്ങൾ നിറച്ച് ചാക്കുകൾ അടുക്കിവെച്ചിരുന്നു. സ്ഥാനാർത്ഥികൾ ഇരുട്ടത്തു തപ്പിനോക്കി സ്വർണ്ണനാണയങ്ങൾ വാരി പോക്കറ്റ് നിറച്ചു. ഒരുത്തൻ മാത്രം നാണയം തൊട്ടില്ല. സ്ഥാനാർത്ഥികൾ രാജാവിന്റെ മുമ്പിൽ

ശേഷം 9-ാം പേജിൽ

# പരിണാമ സൃഷ്ടി വിവാദം : ഒരു പുനഃപരിശോധന - 17

DR. JOHNSON GEORGE, TORONTO, CANADA

## അദ്ധ്യായം - 14. ഹിമയുഗവും ഭൂമിയുടെ ആയുസ്സും (തുടർച്ച)

**ഹിമയുഗത്തിൽ മനുഷ്യർ**

ഭൂമിയിൽ ഏകദേശം 700 വർഷങ്ങളോളം നീണ്ടുനിന്ന ഒരുഹിമയുഗം ഉണ്ടായിട്ടുന്ന് സൃഷ്ടിവാദികൾ പറയുമ്പോൾ അതിന്റെ പ്രഭാവം (effect) പ്രധാനമായും ഉത്തരദക്ഷിണ ഗോളാർദ്ധങ്ങളിലെ ഭൂപ്രദേശങ്ങളിൽ ആയിരുന്നു എന്നു നാം മനസ്സിലാക്കിയിരിക്കണം. ഈ പ്രദേശങ്ങളിലേക്ക് കുടിയേറിപ്പോയ മനുഷ്യർക്ക് അന്ന് പ്രധാനമായും ഗുഹകളിൽ (caves) പാർക്കേവന്നു. പക്ഷേ ഭൂമദ്ധ്യരേഖയോടടുത്തുള്ള ഭൂപ്രദേശങ്ങളിൽ സാമാന്യചൂടും ജനനിവാസവും തുടർന്നുകൊിരുന്നു.

ഹിമയുഗത്തിൽ ഗുഹകളിൽ പാർത്തിരുന്ന മനുഷ്യരിൽ മതിയായ സൂര്യപ്രകാശം ലഭിക്കാതിരുന്നതിനാൽ വിറ്റമിൻ ഡിയുടെ കുറവ് മൂലം എല്ലുകൾക്ക് വളവ് സംഭിച്ചിരുന്നു. യൂറോപ്പിൽ നിന്നും ഇങ്ങനെ ലഭിച്ച ചില എല്ലുകളെ കുരങ്ങിന്റേയും (ape) മനുഷ്യന്റെയും ഇടയിലെ പരിണാമകണ്ണിയായി (evolutionary lmk) അവതരിപ്പിച്ച് നിയൻഡർത്തൽ മനുഷ്യൻ (Neanderthal man) എന്ന പേരിൽ പരിണാമവാദികൾ കുറച്ചുകാലം കൊുനടന്നു. പക്ഷേ നിയൻഡർത്തൽ മനുഷ്യർ - കുരങ്ങുമനുഷ്യർ (ape - men) അല്ല, യഥാർത്ഥ മനുഷ്യർ ആയിരുന്നുവെന്ന് മിക്ക ശാസ്ത്രജ്ഞന്മാരും വിശ്വസിക്കുന്നു.

നോഹയുടെ കാലത്തെ ജലപ്രളയത്തിനു ശേഷം ഉായതലമുറകളിൽ ഒന്നിൽ ജീവിച്ചിരുന്ന ആളായിരുന്നു ഇയ്യോബ്. തന്റെ ജീവിതകാലം ബാബേലിലെ ഭാഷാകലക്കത്തിനു ശേഷവും അബ്രാഹാമിന്റെ കാലത്തിനു മുമ്പായിരുന്നു. താൻ ഹിമയുഗത്തിലോ അല്ലെങ്കിൽ അത് അവസാനിച്ചു കഴിഞ്ഞ കാലത്തോ ജീവിച്ചിരുന്ന ആളായിരുന്നതുകൊണ്ട് ഭൂമിയിലെ ചില കരപ്രദേശങ്ങളും സമുദ്രങ്ങളും തണുത്തുറഞ്ഞ് ഹിമത്താൽ മൂടപ്പെട്ടിരുന്ന കാര്യം താനും തന്നെ ആശ്വസിപ്പിക്കാൻ വന്ന സ്നേഹിതരും അറിഞ്ഞിരുന്നിരിക്കണം. ഇക്കാരണത്താലായിരിക്കാം തന്റെ പുസ്തകത്തിൽ ഹിമത്തെക്കുറിച്ച് ധാരാളം പരാമർശങ്ങളുള്ളത്. ഈ വാക്യങ്ങൾ ശ്രദ്ധിക്കുക. "ദക്ഷിണ മണ്ഡലത്തിൽ നിന്ന് കൊടുങ്കാറ്റും ഉത്തരദിക്കിൽ നിന്ന് കുളിരും വരുന്നു. ദൈവത്തിന്റെ ശ്വാസംകൊ് നീർക്കട്ട ഉളവാകുന്നു. വെള്ളങ്ങളുടെ വിശാലത ഉറച്ചുപോകുന്നു" (37:9-10). "നീ ഹിമത്തിന്റെ ഭണ്ഡാരത്തോളം ചെന്നിട്ടുണ്ടോ? കന്മഴയുടെ ഭണ്ഡാരം നീ കണ്ടിട്ടുണ്ടോ? (38:22). "ആരുടെ ഗർഭത്തിൽ നിന്ന് ഹിമം പുറപ്പെടുന്നു? ....... വെള്ളം കല്ലുപോലെ ഉറച്ചു പോകുന്നു. ആഴിയുടെ മുഖം കട്ടിയായിത്തീരുന്നു" (38:29-30)

**ഉപസംഹാരം**

പ്രകൃതിയിൽ വളരെ സാവധാനമായി ഉണ്ടായിക്കൊണ്ടിരുന്ന മാറ്റങ്ങളാൽ ഹിമയുഗം വന്നു എന്നും അതുകൊണ്ട് ഹിമപാളികൾ എല്ലാം ഉണ്ടായി വരുവാൻ പല ആയിരം വർഷങ്ങൾ വേണ്ടി വന്നിട്ടുണ്ടെന്നും പരിണാമവാദികൾ വാദിക്കുന്നു. കൂടാതെ പല ഹിമയുഗങ്ങൾ ഉണ്ടായിട്ടുണ്ട് എന്നുകൂടി വിശ്വസിക്കുന്നതുകൊണ്ട് ഭൂമിക്ക് നീണ്ട ആയുസ്സ് അവർ അവകാശപ്പെടുന്നു.

പക്ഷേ മാമത്തുകൾ പെട്ടെന്ന് ഉറഞ്ഞു (froze)ചത്തതുപോലെയുള്ള തെളിവുകൾ നോക്കുമ്പോൾ ഹിമയുഗം സാവധാനമായല്ല, താരതമ്യേന പെട്ടെന്നാണ് വന്നത് എന്ന് മനസ്സിലാകുന്നു. ഹിമയുഗം പെട്ടെന്ന് എങ്ങനെ വന്നു എന്ന് പരിണാമവാദികൾക്ക് വിശദീകരിക്കുവാൻ സാധിക്കുകയില്ല എന്നാൽ നോഹയുടെ കാലത്തെ ജലപ്രളയവുമായി ഹിമയുഗത്തെ ബന്ധപ്പെടുത്തുന്നതുകൊണ്ട് സൃഷ്ടിവാദികളുടെ പക്കൽ തൃപ്തികരമായ ഒരു വിശദീകരണം ഉണ്ട്. അങ്ങനെ ഹിമയുഗം പെട്ടെന്ന് ഉണ്ടായ ഒരു സംഭവമാകയാൽ ഇത് ഭൂമിക്ക് നീണ്ട ആയുസ്സ് ആവശ്യപ്പെടുന്നില്ല. ഭൂമിക്ക് നീണ്ട ആയുസ്സ് ഇല്ലെങ്കിൽ ജീവപരിണാമം നടന്നിട്ടുമില്ല.

കഴിഞ്ഞ 10,000 വർഷങ്ങളായി നാം ഒരു interglacial period-ൽ ആയിരിക്കയാൽ ഏതു നിമിഷവും അടുത്തഹിമയുഗം ആരംഭിക്കാം എന്ന് പരിണാമവാദികൾ താക്കീതു നൽകുന്നു. ഭൂമിയുടെ മൂന്നിൽ ഒരുഭാഗം പിന്നെയും ഒരു നീണ്ട കാലത്തേയ്ക്ക് മഞ്ഞുകട്ടികൾക്ക് അടിയിൽ ആകുവാൻ പോകുന്നു എന്നവർ പ്രവചിക്കുന്നു. പക്ഷേ ദൈവിക വെളിപ്പാടുകൾ വിശ്വസിക്കുന്നവർ മനസ്സിലാക്കുന്നത്, ഈ ഭൂമി ഒരു ഹിമയുഗത്തിനായല്ല, ഒരു അഗ്നിപ്രളയത്തിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു എന്നാണ് (2 പത്രൊസ്. 3:10) പരിണാമവാദികൾ ഇത് അംഗീകരിക്കുവാൻ തയ്യാറല്ല. "അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേ വചനത്താൽ തീക്കായി സൂക്ഷിച്ചും ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു എന്നും അവർ മനസ്സോടെ മറന്നുകളയുന്നു" (2 പത്രൊസ് 3:6.7). (തുടരും)

# ഉറ്റവരും ഉഗ്രവാദവും

കെ.വി. കോശി, മൈലപ്ര

'അങ്ങനെ അവർ തമ്മിൽ ഉഗ്രവാദമുണ്ടായിട്ടു വേർപിരിഞ്ഞു.' ദൈവസഭയെ നശിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങി ദമസ്കൊസിലേക്കു പോയ ശൗൽ യേശുകർത്താവിനാൽ പിടിക്കപ്പെട്ടവനായി ദമസ്ക്കൊസിൽ ധീരതയോടുകൂടി സുവിശേഷത്തിനു സാക്ഷ്യം വഹിച്ചു. അവിടെ താൻ യഹൂദന്മാരാൽ കൊല്ലപ്പെടും എന്ന അവസ്ഥ വന്നപ്പോൾ ക്രിസ്തുശിഷ്യന്മാർ തന്നെ യരുശലേമിലേക്ക് അയച്ചു. വലിയ പ്രതീക്ഷയോടുകൂടിയാണ് താൻ അവിടേക്ക് വന്നത്. എന്നാൽ തന്റെ പ്രതീക്ഷകളെല്ലാം മങ്ങി. യരുശലേമിലുള്ള ക്രിസ്തു ശിഷ്യന്മാർ ആരുംതന്നെ ശൗലിനെ സ്വീകരിക്കുവാൻ തയ്യാറാകാതെ ഭയന്നു പിന്മാറി. ആ രംഗത്ത് ബർന്നബാസ് മുന്നോട്ടു വന്നു. അതു സംഭവിച്ചില്ലായിരുന്നു എങ്കിൽ സ്വാഭാവികമായി ചിന്തിച്ചാൽ ശൗലിന്റെ അവസ്ഥ എന്താകുമായിരുന്നു. തന്റെ പ്രതീക്ഷയുടെ വലിയ കോട്ട ഇടിഞ്ഞു തകർന്ന് താൻ ക്രിസ്തീയ ഗോളത്തിൽ തന്നെ കാണുമായിരുന്നില്ല. (ഇത് സ്വാഭാവികമായ മാനുഷിക ചിന്ത മാത്രം). എന്നാൽ ആ രംഗത്ത് എന്തു വന്നാലും അതിനെ സധൈര്യം നേരിടുവാനുള്ള തന്റേടത്തോടുകൂടി ശ്രേഷ്ഠമായ ക്രിസ്തീയ സ്നേഹത്താൽ നിറഞ്ഞവനായി ബർന്നബാസ് എന്ന പ്രബോധന പുത്രൻ (Son of consolation) രംഗപ്രവേശനം ചെയ്യുന്നത്. തികഞ്ഞ ആത്മാർത്ഥതയോടും സന്തോഷത്തോടും കൂടി ശൗലിനെ സ്വീകരിച്ച് യെരുശലേമിലെ സഭയിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നു. ശൗലിനെക്കുറിച്ച് മനോഹരമായ ഒരു സാക്ഷ്യം ബർന്നബാസ് സഭയിൽ പറയുന്നു. അങ്ങനെ ശൗൽ സഭയിൽ അംഗീകരിക്കപ്പെട്ടവനായി ശൗലിന്റെ തീഷ്ണതയോടുകൂടിയുള്ള പ്രവർത്തനങ്ങൾ മാറിനിന്ന് കണ്ട് സന്തോഷിക്കയും ദൈവത്തെ സ്തുതിക്കയും ചെയ്യുകയാണ് ബർന്നബാസ്. യഹൂദന്മാരിൽ നിന്ന് ശൗലിന് എതിർപ്പുകൾ ഉണ്ടായപ്പോൾ "സഹോദരാ ഭയപ്പെടേണ്ട, ധൈര്യമായിരിക്കുക" എന്നു പറഞ്ഞ് ബർന്നബാസ് തീർച്ചയായും ശൗലിനെ ധൈര്യപ്പെടുത്തിയിട്ടുണ്ടാവും. എന്നാൽ എതിർപ്പിന്റെ കാഠിന്യം നിമിത്തം ശൗൽ യെരുശലേം വിട്ട് സ്വന്തനാട്ടിലേക്ക് പോകേണ്ടിവന്നു. ശൗൽ നാട്ടിലേക്കു പോകുമ്പോൾ അവസാനമായി ബർന്നബാസിനോട് യാത്ര പറഞ്ഞ് ചുംബിച്ച് പിരിഞ്ഞു കാണും. ബർന്നബാസിന്റെ ഹൃദയം ശൗലിനോടു കൂടെ പോയിരിക്കും എന്നതിനു സംശയമില്ല. തുടർന്നുള്ള സംഭവങ്ങൾ അതാണ് വെളിവാക്കുന്നത്.

നാളുകൾ മുന്നോട്ടു നീങ്ങി. യെരുശലേം സഭയിൽ ഒരു സന്തോഷവാർത്ത എത്തി. അന്ത്യോക്യയിൽ ഒരു കൂട്ടം ആളുകൾ ക്രിസ്തു വിശ്വാസികളായി. അവരെ വിശ്വാസത്തിൽ ഉറപ്പിക്കേണ്ടതിന് ഒരാളെ അവിടേയ്ക്ക് അയയ്ക്കണമെന്ന് സഭയ്ക്ക് തോന്നി. അതിന് ഏറ്റം യോഗ്യനായ വ്യക്തി ബർന്നബാസ് ആണെന്ന കാര്യത്തിൽ ആർക്കും സംശയം ഉണ്ടായില്ല. സഭ തന്നെ ഏല്പിച്ച ഉത്തരവാദിത്വം സന്തോഷത്തോടെ ഏറ്റെടുത്തുകൊണ്ട് ബർന്നബാസ് അന്ത്യോക്യയിലേക്ക് പോയി. "അവൻ ചെന്ന് ദൈവകൃപ കണ്ട് സന്തോഷിച്ചു. എല്ലാവരും ഹൃദയ നിർണ്ണയത്തോടെ കർത്താവിനോട് ചേർന്ന് നിൽക്കുവാൻ തക്കവണ്ണം പ്രബോധിപ്പിച്ചു." തനിക്കും അന്ത്യോക്യയിലെ സഭയ്ക്കും സന്തോഷമായി. അതേ സമയം തന്റെ മനസ്സിൽ ഒളിഞ്ഞു കിടന്ന മറ്റൊരു ചിന്താഭാരം പൊന്തിവന്നു. ഏകനായി നിരാശനായി ഭാരപ്പെട്ട് തർസൊസിൽ കഴിയുന്ന ശൗൽ. എങ്ങനെയെങ്കിലും ശൗലിനെ അന്ത്യോക്യയിൽ കൊണ്ടുവരണം. തന്റെ ഏകാന്തത മാറ്റണം. താൻ കഴിവുള്ളവനാണ്. തന്റെ കഴിവുകൾ അന്ത്യോക്യയിലുള്ള ദൈവജനത്തിനു പ്രയോജനകരമായിത്തീരും ഉടൻതന്നെ പോയി ശൗലിനെ കൂട്ടിക്കൊണ്ടു വരുവാൻ തീരുമാനിച്ചു.

"എനിക്ക് പ്രബോധിപ്പിക്കുവാനുള്ള കഴിവുണ്ടല്ലോ. എന്നെ ഇവിടെയുള്ള ദൈവജനത്തിന് ഇഷ്ടമാണല്ലോ. എനിക്ക് തനിയെ ഇവിടെ പ്രവർത്തിച്ച് പേരും പെരുമയും വർദ്ധിപ്പിക്കാമല്ലോ. ഇതിനിടയിൽ മറ്റാരേയും ഇടപെടുത്തേണ്ട. ഇടപെടുത്തിയാൽ എന്റെ സ്ഥാനം നഷ്ടമാകും. ആ പൊല്ലാപ്പിനൊന്നും പോകേണ്ട എന്ന് ബർന്നബാസ് ചിന്തിച്ചില്ല. തന്നേക്കാൾ കൂടുതൽ പ്രവർത്തിക്കുവാൻ കഴിവുള്ള വേറൊരാൾ ഉണ്ടായാൽ അയാളെ മുൻപന്തിയിൽ നിർത്തി പിറകോട്ടു മാറിനിന്ന് അയാൾക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും മനസ്സുള്ള വിശാലഹൃദയനായിരുന്നു ബർന്നബാസ് എന്ന കാര്യം വ്യക്തമാണ്. അതുകൊണ്ട് താൻ തർസൊസിൽ പോയി ശൗലിനെ കൂട്ടിക്കൊണ്ടു വന്ന് ഒരുമിച്ച് പ്രവർത്തിച്ചു.

തക്കസമയത്ത് കർത്താവ് തന്റെ വേലയ്ക്കായി ബർന്നബാസിനെയും ശൗലിനേയും വേർതിരിക്കാൻ സഭയോട് ആവശ്യപ്പെടുകയും സഭ അവരെ പ്രാർത്ഥിച്ച് പറഞ്ഞയയ്ക്കുകയും ചെയ്തു.

അവർ വേലയ്ക്ക് പുറപ്പെടുമ്പോൾ ബർന്നബാസിന്റെ സഹോദരീപുത്രനായ മർക്കൊസിനെ അവർക്കു ശുശ്രൂഷ ചെയ്യുവാൻ കൂടെകൊണ്ടുപോയി. ഈ മർക്കൊസ് യെരുശലേമിലെ നല്ല സാമ്പത്തിക സൗകര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ചു വളർന്നവനായിരുന്നു. യെരുശലേമിലെ

വിശ്വാസികൾക്ക് കൂടിവരുവാൻ തക്ക സൗകര്യമുള്ള വീട്ടിൽ ജീവിച്ച വ്യക്തിയായിരുന്നു. ക്രിസ്തുവിശ്വാസികളെ നശിപ്പിക്കാൻ വെമ്പൽ കൊള്ളുന്ന യഹൂദന്മാരുടെ ഇടയിൽ ദൈവജനത്തിന്റെ കൂടിവരവ് നടത്തുവാൻ ധൈര്യം കാട്ടിയ ഭക്തശിരോമണിയായ മറിയയുടെ മകൻ. ഒരു പക്ഷേ പിതാവ് മരിച്ചതുകൊണ്ടായിരിക്കാം തന്റെ പേരെങ്ങും പറഞ്ഞിട്ടില്ലാത്തത്. ആ സാഹചര്യത്തിൽ അമ്മയുടെ പൂർണ്ണമായ ലാളന ഏറ്റുവാങ്ങിക്കൊണ്ട് വളർന്നുവന്ന പ്രിയ പുത്രനായിരുന്നു മർക്കൊസ്. അനന്തരവനായതുകൊണ്ട് തനിക്കും പൗലൊസിനും വേണ്ടി ദാസ്യവേല ചെയ്യുവാൻ (ഭൃത്യനായിട്ട്) മർക്കൊസിനെ കൂടെകൊണ്ടു പോകാൻ ബർന്നബാസ് പൗലൊസുമായി ആലോചിച്ചു തീരുമാനിച്ചു.

അവർ മൂവരും ഒരുമിച്ച് ഒന്നാമത്തെ മിഷണറി യാത്ര ആരംഭിച്ചു. തീർച്ചയായും മർക്കൊസ് സന്തോഷത്തോടെ അവർക്ക് ദാസ്യവേല ചെയ്തു കാണും. എന്നാൽ മാതാവിങ്കൽ നിന്നും എല്ലാ ശുശ്രൂഷയും ഏറ്റു വാങ്ങി സസുഖം വീട്ടിൽ മാത്രം കഴിഞ്ഞു കൂടിയ ചെറുപ്പക്കാരന് ഈ പുതിയ ജീവിതരീതിയുമായി പൊരുത്തപ്പെട്ടു പോകുവാൻ കാലക്രമത്തിൽ കഴിയാതെ വന്നു. ഗൃഹാതുരത്വമോ പട്ടിണിയോ യാത്രാക്ലേശമോ ജഡത്തിൽ ശൂലമുള്ള പൗലൊസിനെ ശുശ്രൂഷിക്കുന്നതിലുള്ള മുഷിച്ചിലോ മറ്റു കാരണങ്ങളോ ആയിരിക്കാം അതിനു മുഖാന്തരമായത്. ഏതായാലും മർക്കൊസ് മടങ്ങിപ്പോയി. ഈ മടങ്ങിപ്പോക്ക് തീർച്ചയായും ബർന്നബാസിനെ വളരെ വേദനിപ്പിച്ചു കാണും. അതോടൊപ്പം തന്റെ അനന്തരവനെ കർത്താവിന് കൊള്ളാവുന്ന ഒരു പാത്രമായി ഒരുക്കിയെടുക്കണമെന്നുള്ള തീരുമാനത്തോടെയാണ് താൻ പൗലൊസിനോടൊത്ത് പ്രവർത്തിച്ചത്. താനാണ് പൗലൊസിനെ കൂട്ടിക്കൊണ്ട് വന്നത്. അതുകൊണ്ട് തനിക്ക് പ്രധാന സ്ഥാനം വേണമെന്ന ചിന്ത കൂടാതെ എല്ലാ രംഗങ്ങളിലും ബർന്നബാസ് പ്രവർത്തിച്ചു. അതു മാത്രമല്ല പൗലൊസിന്റെ കഴിവുകൾ മനസ്സിലാക്കി പൗലൊസിനെ പ്രോത്സാഹിപ്പിക്കുക മാത്രമേ ചെയ്തുള്ളു.

മടങ്ങി അന്ത്യോക്യയിൽ വന്ന ശേഷം യെരുശലേമിൽ പോയപ്പോഴും മടങ്ങി അന്ത്യോക്യയിൽ വന്ന ശേഷവും അവർ ഐക്യമായിട്ടാണ് പ്രവർത്തിച്ചു കൊണ്ടിരുന്നത്.

തുടർന്ന് രണ്ടാം മിഷണറി യാത്ര പുറപ്പെടാറായപ്പോഴാണ് അഭിപ്രായ വ്യത്യാസം ഉണ്ടായത്. പ്രവർത്തനത്തിന് കൂടെപ്പോയ ശേഷം മടങ്ങിപ്പോന്ന ആളിനെ ഇനി കൂടെ കൊണ്ടുപോകാൻ പാടില്ല എന്ന് പൗലൊസും അയാളെ കൂടെ കൊണ്ടുപോകണമെന്ന് ബർന്നബാസും അഭിപ്രായപ്പെട്ടു. അവസാനം അഭിപ്രായ ഭിന്നത വർദ്ധിച്ച് ഉഗ്രവാദമുണ്ടായി തമ്മിൽ പിരിഞ്ഞു. ഈ നടപടിയെക്കുറിച്ച് വ്യത്യസ്ത അഭിപ്രായമുണ്ട്. ബർന്നബാസിന്റെ ഭാഗമാണ് ശരിയെന്നും പൗലൊസിന്റെ ഭാഗമാണ് ശരിയെന്നും വ്യത്യസ്ത അഭിപ്രായക്കാരുണ്ട്. ഈ കാര്യത്തിൽ ഒരന്തിമ തീരുമാനത്തിൽ എത്തുന്നതിന്മുമ്പ് ബർന്നബാസിന്റെ സ്വഭാവ വൈശിഷ്ടത്തെക്കുറിച്ച് അല്പം കൂടെ പഠിക്കേണ്ടതുണ്ട്.

ബർന്നബാസ് കുടുംബബന്ധത്തിന് കൂടുതൽ മുൻതൂക്കം നൽകിയതുകൊണ്ടാണ് മർക്കൊസിനെ കൂട്ടിക്കൊണ്ടു പോകുവാൻ താല്പര്യപ്പെട്ടത് എന്നൊരഭിപ്രായമുണ്ട്. എന്നാൽ ബർന്നബാസിന്റെ സ്വഭാവം പഠിച്ചാൽ മറ്റുള്ളവരെ താങ്ങുകയും ഉപദേശവും പിൻബലവും നൽകി ആവശ്യമുള്ളവരെ സഹായിക്കുകയും കഴിവുള്ളവരെ എല്ലാ രംഗത്തും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ആളായിരുന്നു എന്നും മനസ്സിലാക്കാം. അതുകൊണ്ടാണല്ലോ എല്ലാവരും അവഗണിച്ച പൗലൊസിനെ കൂട്ടിക്കൊണ്ട് വന്ന് സഭയിലാക്കുകയും പിന്നീട് ജീവനെ ഭയന്ന് നിരാശനായി വീട്ടിലേക്ക് പോയ പൗലൊസിനെ മടക്കിക്കൊണ്ടു വന്ന് പ്രവർത്തനങ്ങളുടെ മുൻനിരയിൽ നിർത്തി ഉത്സാഹിപ്പിക്കുകയും ചെയ്തത്. മർക്കൊസ് മടങ്ങിപ്പോന്നപ്പോൾ പൗലൊസ് സ്വാഭാവികമായും വിമർശനം നടത്തിക്കാണും. എന്നിട്ടും അനന്തരവന്റെ മടങ്ങിപ്പോക്കിനെക്കുറിച്ച് ഭാരപ്പെട്ടിരുന്ന ബർന്നബാസ് ഉഗ്രവാദം ഉണ്ടാകുന്നതുവരെ ഒരു വാക്കുപോലും പറഞ്ഞതായി കാണുന്നില്ല. ഇത്രമാത്രം സമചിത്തതയോടും സൗമ്യതയോടും പെരുമാറിയ ബർന്നബാസ് മർക്കൊസിനെ കൂടെ കൊണ്ടുപോകണമെന്ന് പറഞ്ഞപ്പോൾ പൗലൊസ് അത് തീർത്തും അഗണിക്കാതെ ബർന്നബാസുമായി ഹൃദ്യമായി സംസാരിച്ച് പ്രശ്നം പരിഹരിക്കാമായിരുന്നു. മറ്റ് നേതാക്കളുമായി നേരത്തെ പൗലൊസിനോടു പെരുമാറിയതുപോലെയും താൻ ഇപ്പോൾ മർക്കൊസിനെതിരെ എടുത്ത നടപടിപോലെയും ബർന്നബാസ് തന്നോട് പെരുമാറിയിരുന്നെങ്കിൽ മാനുഷികമായി ചിന്തിച്ചാൽ ഇപ്പോൾ തന്റെ അവസ്ഥ എന്താകുമായിരുന്നു എന്നും പൗലൊസ് ചിന്തിക്കേണ്ടതായിരുന്നു.

ബർന്നബാസ് മർക്കൊസിൽ കണ്ടത് ഒരു പിന്തിരിപ്പനായ അനന്തരവനെയല്ല. പ്രത്യുത തന്റെ പ്രോത്സാഹനവും സഹായവും സഹതാപവും ആവശ്യമുള്ള നല്ലവനെങ്കിലും ബലഹീനനായ ഒരു ഇളയ സഹോദരനെയാണ്. പൗലൊസിനെയെന്നപോലെ പ്രോത്സാഹനം നൽകി മുൻപന്തിയിൽ കൊണ്ടുവരേണ്ട ഒരു ചെറുപ്പക്കാരനെയാണ് കണ്ടത്. തുടർന്നുള്ള പെരുമാറ്റങ്ങളിൽ നിന്ന് അത് വ്യക്തമാകും.

ബർന്നബാസ് പൗലൊസിന്റെ അഭിപ്രായ

ത്തോട് സഹകരിക്കുവാൻ നിർവ്വാഹമില്ലാതെ അനന്തരവനേയും കൂട്ടിക്കൊണ്ട് കുപ്രൊസിലേക്കു പോയി. മർക്കൊസിന് യെരുശലേമിൽ സ്വന്തം വീടോ വീട്ടുകാരോ ഇല്ലാഞ്ഞിട്ടല്ല ബർന്നബാസ് അവനേയും കൂട്ടി കുപ്രൊസിലേക്കു പോയത്. തന്റെ സ്വന്തം നാട്ടിൽ സുവിശേഷം അറിയിക്കുവാനുള്ള ലക്ഷ്യത്തോടുകൂടെ തന്നോടൊപ്പം പ്രവർത്തിക്കുന്നതിന് മർക്കൊസിനെ പ്രാപ്തനാക്കണമെന്നുള്ള താല്പര്യത്തിലാണ് പോയതെന്ന് ഊഹിക്കാം. പ്രവൃ. 12:19 ൽ "പത്രൊസ് യഹൂദ്യ വിട്ട് കൈസര്യയിൽ പോയി" എന്നും പ്രവൃ. 15:38 ൽ ബർന്നബാസ് മർക്കൊസിനെ കൂട്ടി കപ്പൽ കയറി കുപ്രൊസ് ദ്വീപിലേക്ക് പോയി എന്നും രേഖപ്പെടുത്തിയിരിക്കുന്നു.

പിന്നീട് പത്രൊസിനെക്കുറിച്ചോ ബർന്നബാസിനെക്കുറിച്ചോ തിരുവചനത്തിൽ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. മറ്റു ശിഷ്യന്മാരിൽ പലരുടേയും പ്രവർത്തനങ്ങളെക്കുറിച്ച് തിരുവചനത്തിൽ യാതൊരു രേഖയുമില്ല. അതുകൊണ്ട് അവരാരും പ്രവർത്തിക്കാതെ നിഷ്ഫലരായിപ്പോയി എന്ന് ചിന്തിക്കാൻ പാടില്ല.

ബർന്നബാസ് തീർച്ചയായും തന്റെ സ്വന്തരാജ്യത്ത് ആത്മാർത്ഥമായി പ്രവർത്തിച്ചുവെന്നതിന് സംശയമില്ല. ബർന്നബാസിന്റെയും മർക്കൊസിന്റെയും പ്രവർത്തനഫലമായി കുപ്രൊസിൽ (സൈപ്രസ്) ഒന്നാം നൂറ്റാണ്ടിൽതന്നെ ഒരു സഭയുണ്ടായി എന്ന കാര്യത്തിൽ യാതൊരു സംശയത്തിനും ഇടമില്ല. ക്രിസ്തീയ ബിഷപ്പ് ഒരു രാജ്യത്തിന്റെ പ്രസിഡന്റായ ഏകരാജ്യം സൈപ്രസാണല്ലോ. മാത്രമല്ല അനന്തരവനായ മർക്കൊസിനെ എവിടെയും ആരേയും ശുശ്രൂഷിക്കുവാൻ യോഗ്യനായ ചെറുപ്പക്കാരനായി രൂപാന്തരപ്പെടുത്തി. അതോടൊപ്പം പൗലൊസിന്റെ കൂട്ടുവേലക്കാരനായി പ്രവർത്തിക്കുവാൻ യോഗ്യനായ നിലവാരത്തിലാക്കുകയും ചെയ്തു. പൗലൊസ് തന്നെ മർക്കൊസിനെക്കുറിച്ച് 'എന്റെ സഹബദ്ധനായ അരിസ്തർഹോസും ബർന്നബാസിന്റെ മച്ചുനനായ മർക്കൊസും' (കൊലൊ. 4:10) എന്നും എന്റെ കൂട്ടുവേലക്കാരനായ മർക്കൊസ് (ഫിലെ. 24) എന്നും മർക്കൊസ് എനിക്ക് ശുശ്രൂഷക്കായി ഉപയോഗമുള്ളവനാകയാൽ അവനെക്കൂടി കൊണ്ടു വരിക' (2 തിമൊ. 4:11) എന്നും പറയുവാൻ മുഖാന്തിരക്കാരൻ ബർന്നബാസ് ആണെന്നുള്ളത് നിസ്തർക്കമായ കാര്യമാണ്. പൗലൊസ് രണ്ടാം മിഷണറി യാത്രയുടെ തുടക്കത്തിൽ വാദിച്ചതുപോലെ മർക്കൊസിനെ അവഗണിച്ചിരുന്നു എങ്കിൽ ജയിലിൽ തനിക്ക് ശുശ്രൂഷ ചെയ്യുവാൻ മർക്കൊസിനെ കിട്ടുമായിരുന്നോ?

ബർന്നബാസിന്റെ സ്വഭാവ മഹിമയായി വേറൊരു കാര്യംകൂടി ഇവിടെ തെളിയുന്നു. ബർന്നബാസ് മർക്കൊസിനോട് ഇങ്ങനെ പറഞ്ഞു എന്നു കരുതുക. "മർക്കൊസേ, ആ പൗലൊസുണ്ടല്ലോ അയാൾ നിന്നെ അവഹേളിച്ച് തള്ളിക്കളഞ്ഞ് എന്നേയും അപഹസിച്ചിട്ട് പോയ ആളല്ലേ. ഇനി മേലാൽ ആ മനുഷ്യനുമായി യാതൊരു ബന്ധവും വേണ്ട. സാധാരണ ഗതിയിൽ മനുഷ്യർ ഇങ്ങനെയേ പറയൂ. എന്നാൽ ബർന്നബാസ് ഒരിക്കലും അങ്ങനെ പറഞ്ഞില്ല എന്നു മാത്രമല്ല മർക്കൊസ് എല്ലാ നിലയിലും യോഗ്യനായ വ്യക്തിയായിത്തീർന്നപ്പോൾ അവനെ പൗലൊസിനോടൊപ്പം വിടാനും താൻ തയ്യാറായി. നോക്കുക. ബർന്നബാസിന്റെ ഹൃദയ വിശാലത. ഒരിക്കൽ താൻ കുറ്റപ്പെടുത്തി പിരിച്ചുവിട്ട യുവാവിനെ തന്നോടൊപ്പം ചേർക്കുവാൻ പൗലൊസും തയ്യാറായി എന്നതും നമുക്ക് മാതൃകയാണ്.

ബർന്നബാസിന്റെ ജീവിത മാതൃക പിന്തുടർന്ന് ബലഹീനരെ താങ്ങുകയും പ്രോത്സാഹിപ്പിക്കുകയും മറ്റുള്ളവരുടെ കഴിവുകൾ മനസ്സിലാക്കി അവരെ താഴ്ത്തികെട്ടാതെ ഉത്സാഹിപ്പിച്ച് അവരുടെ കഴിവുകൾ വികസിപ്പിക്കുവാൻ അവസരങ്ങൾ ഒരുക്കിക്കൊടുക്കുകയും ചെയ്യുവാൻ തയ്യാറായാൽ അനുഗ്രഹിക്കപ്പെട്ട ഒരു പിൻതലമുറയെ വാർത്തെടുക്കുവാൻ ദൈവം നമ്മെ ഉപയോഗിക്കും. അതിന് ആത്മാർത്ഥമായി നമുക്ക് തയ്യാറാകാം. ദൈവം നമ്മെ സഹായിക്കട്ടെ.

5-ാം പേജിൽ നിന്നും തുടർച്ച

അഭിമുഖത്തിനായി വന്ന് ഹാജരായി. രാജാവ് സ്ഥാനാർത്ഥികൾക്ക് ലളിതമായ ഒരു പരീക്ഷ നടത്തി. സ്ഥാനാർത്ഥികൾ ഓരോരുത്തരായി രാജാവിന്റെ മുമ്പിൽ നൃത്തം ചെയ്യണം എന്നതായിരുന്നു പരീക്ഷ. സ്ഥാനാർത്ഥികൾ മുമ്പോട്ടു വന്ന് രാജസന്നിധിയിൽ നൃത്തംചെയ്യാതെ പതുക്കെ പതുക്കെ പിന്മാറി. കാരണം ഉണ്ട്. അവർ രാജസന്നിധിയിൽ നൃത്തം ചെയ്താൽ അതോടൊപ്പം പോക്കറ്റിൽ കിടക്കുന്ന സ്വർണ്ണ നാണയങ്ങളും നൃത്തം ചെയ്യും എന്ന ഭയമാണ് അവരെ പിന്മാറ്റക്കാരാക്കിയത്. എന്നാൽ നാണയം തൊടാത്ത സ്ഥാനാർത്ഥി പ്രസന്നവദനനായി മുന്നോട്ടു വന്ന് രാജസന്നിധിയിൽ നൃത്തം ചെയ്ത് അവന്റെ സ്ഫടികതുല്യമായ വിശ്വസ്തത തെളിയിച്ചു. പരീക്ഷയിൽ വിജയിയായ സ്ഥാനാർത്ഥിയെ രാജാവ് മന്ത്രിയാക്കി. മറ്റുള്ളവർ കുറെ സ്വർണ്ണനാണയങ്ങൾക്കായി മന്ത്രിസ്ഥാനം നഷ്ടമാക്കി. പ്രിയ വായനക്കാരാ വെള്ളി നിറഞ്ഞ ദേമാസിന്റെ കുഴിയിൽ മറിഞ്ഞുവീഴാതെ മരണപര്യന്തം വിശ്വസ്തരായി ജീവിച്ച് കർത്താവിന്റെ കൈകളിൽ നിന്ന് ജീവകിരീടം കരസ്ഥമാക്കാം. കർത്താവ് നമ്മെ സഹായിക്കട്ടെ.

# മാളികമുറി പ്രഭാഷണം - 2

**ഡോ. ഒ.എം. സാമുവേൽ**

**പാദപ്രക്ഷാളന ശുശ്രൂഷയുടെ ഉദ്ദേശ്യം**

അവൻ ലോകത്തിൽ തനിക്കുള്ളവരെ സ്നേഹിച്ചതുപോലെ അവസാനത്തോളം അവരെ സ്നേഹിച്ചു. ആരാണ് തനിക്കുള്ളവർ? യിസ്രായേൽ ജനം തനിക്കുള്ളവരായിരുന്നു. അവൻ സ്വന്തത്തിലേക്കു വന്നു സ്വന്തമായവരോ അവനെ കൈക്കൊണ്ടില്ല എന്ന് ഈ സുവിശേഷത്തിൽ തന്നെ നാം വായിക്കുന്നുണ്ട്. ഇവിടെ സ്വന്തമായവർ യിസ്രായേൽ ജാതിയായിരുന്നു. സഭ തനിക്കുള്ളവരാണ്. ഞാൻ എന്റെ സഭയെ പണിയും എന്നാണല്ലോ കർത്താവ് പറഞ്ഞത്. സഭയെ സ്നേഹിച്ചു സഭയ്ക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു എന്നു നാം വായിക്കുന്നു (എഫെ. 5:25-27).

തനിക്കുള്ളവരെ അന്ത്യത്തോളം സ്നേഹിച്ചു എന്നതിൽ സ്നേഹത്തിന്റെ ആഴം നമുക്കു ഗ്രഹിക്കാൻ കഴിയും. സമയത്തോടുള്ള ബന്ധത്തിലും സ്നേഹത്തിന്റെ വ്യാപ്തിയോടുള്ള ബന്ധത്തിലും അന്ത്യത്തോളം എന്ന പദപ്രയോഗം അന്വർത്ഥം തന്നെ. ദൈവസ്നേഹത്തിന്റെ പവിത്രതയും വിസ്മൃതിയും എത്രയോ വിശാലമാണ്. ദൈവസ്നേഹത്തിന്റെ ചില സവിശേഷതകൾ ശ്രദ്ധിക്കൂ.

**1. ദൈവസ്നേഹം കാരണം കൂടാതെയുള്ളതാണ് (ആവ. 7:7,8) (His love is causeless)**

യിസ്രായേലിനെ ദൈവം തിരഞ്ഞെടുത്തതും അവരെ സ്നേഹിച്ചതും അവരുടെ യാതൊരുവിധമായ സവിശേഷതയുടെയും അടിസ്ഥാനത്തിലല്ല. കാരണം കൂടാതെയുള്ള സ്നേഹമാണ് ഇതിന്റെ മൂല കാരണം. നമ്മെ സ്നേഹിക്കുവാൻ തക്കവണ്ണം യാതൊരു വിധ നന്മകളും ഇല്ലായിരുന്നു എന്നു മാത്രമല്ല നാം അവന്റെ ശത്രുക്കളായിരുന്നു. എന്നിട്ടും നമ്മെ സ്നേഹിച്ച സ്നേഹമാണ് കാരണം കൂടാതെയുള്ള സ്നേഹമെന്ന് പറയുന്നത്.

**2. കർത്താവിന്റെ സ്നേഹം തീർന്നുപോകാത്ത സ്നേഹമാണ് (1 കൊരി.13:8) (His love is ceaseless)**

സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല. ലോകം തരുന്ന സ്നേഹം എത്ര ക്ഷണഭംഗുരം. മാതാവിന്റെ സ്നേഹത്തിനു പോലും അതിർവരമ്പുകൾ ഉണ്ട്. എന്നാൽ ദൈവസ്നേഹം നിത്യത വരെ നീണ്ടുനിൽക്കുന്നതാണ്. നിത്യസ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു എന്നും വായിക്കുന്നുണ്ടല്ലോ?

**3. ദൈവസ്നേഹം മാറ്റമില്ലാത്ത ഒന്നാണ് (എബ്രാ. 13:8) (His love is changeless)**

യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നും അനന്യൻ. അതായത് യേശുക്രിസ്തു ഒരിക്കലും മാറ്റമില്ലാത്തവനാണ്. ഇന്നലെയും ഇന്നും നാളെയും എല്ലാക്കാലത്തും ഒരുപോലെ ഇരിക്കുന്നവൻ. കാലപ്പഴക്കം കൊണ്ട് വ്യക്തിത്വത്തിനോ സ്വഭാവത്തിനോ മാറ്റമില്ലാത്ത കർത്താവിന്റെ നിസ്തുല സ്നേഹത്തിന്റെ മുമ്പാകെ നമോവാകം.

**4. ദൈവസ്നേഹം കെടുത്തുവാൻ കഴിയുന്നതല്ല (ഉത്ത. 8:7) (His love is unquenchable)**

ഏറിയ വെള്ളങ്ങൾക്ക് കെടുത്തുവാൻ കഴിയാത്ത പ്രേമത്തെക്കുറിച്ചാണ് ഉത്തമഗീതത്തിൽ വായിക്കുന്നത്. ഏതെല്ലാം അനുകൂലവും പ്രതികൂലങ്ങളുമായ സംഭവ പരമ്പരകൾ വന്നാലും സ്നേഹാഗ്നിയെ ശമിപ്പിക്കുവാൻ കഴിയുകയില്ല. അത്രമാത്രം ഉൽക്കടമായ സ്നേഹമാണ് ദൈവസ്നേഹം.

**5. ദൈവസ്നേഹം വേർപിരിക്കാൻ കഴിയാത്തതാണ് (റോമർ 8:38,39) (His love is inseparable)**

പൗലൊസ് അപ്പൊസ്തലൻ ക്രിസ്തുവിന്റെ സ്നേഹം വാസ്തവമായി ഗ്രഹിച്ചിട്ടുള്ള വ്യക്തിയായിരുന്നു. അനുഭവത്തിന്റെ വെളിച്ചത്തിൽ നിന്നുള്ള അപ്പൊസ്തലന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കുന്നതാർ എന്ന ചോദ്യം ചോദിച്ചിട്ട് ജീവിതത്തിൽ സംഭവിക്കാവുന്ന ഓരോ കാര്യങ്ങൾ എണ്ണിയെണ്ണി പറയുകയാണ്. കഷ്ടതയോ, സങ്കടമോ, ഉപദ്രവമോ, പട്ടിണിയോ, നഗ്നതയോ, ആപത്തോ, വാളോ മരണത്തിനോ ജീവനോ ഇങ്ങനെയുള്ള യാതൊരു സംഭവത്തിനും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും വേർപിരിക്കുക അസാദ്ധ്യമെന്ന് അപ്പൊസ്തലൻ ഉറക്കെ പ്രഖ്യാപിക്കുന്നു.

**6. ദൈവസ്നേഹം സീമാതീതമാണ് (എഫെ. 3:18) (His love is immeasurable)**

ഈ ഭാഗത്ത് ദൈവസ്നേഹത്തെക്കുറിച്ച് വിവരിക്കുമ്പോൾ നീളവും വീതിയും ആഴവും ഉയരവും എന്ന് നാലു അളവുകൾ തന്നിട്ടുണ്ട്. നീളം ꞉ വീതി ꞉ ഉയരം(ആഴം) = വ്യാപ്തം എന്നാണല്ലോ ഗണിതശാസ്ത്രം നമ്മെ പഠിപ്പിക്കുന്നത്. എന്നാൽ ദൈവസ്നേഹത്തിന് അതിന്റെ ആകെതുക കാണുവാൻ നാലളവുകൾ തന്നിരിക്കുകയാണ്. അപ്രമേയമായ ദൈവസ്നേഹം.

**7. ദൈവസ്നേഹം പരിജ്ഞാനത്തെ കവിയുന്ന**

# യഹോവ വാതിൽ അടച്ചു
# നമ്മുടെ രക്ഷയുടെ ഭദ്രത (ഉല്പത്തി : 7:16) (തുടർച്ച)

ജോർജ് സി. വറുഗീസ് തിരുവനന്തപുരം

പ്രിയരേ, പേടകത്തിനകത്ത് പ്രവേശിച്ച 'രക്ഷിത' ഗണത്തിന്റെ അവസ്ഥയെപ്പറ്റി നാം ചിന്തിച്ചു. നോഹ ഏറെക്കാലം ആരോട് നീതിയെപ്പറ്റി പ്രസംഗിച്ചുവോ അവരുടെ സ്ഥിതി എന്തെന്ന് നമുക്ക് നോക്കാം. പ്രളയവെള്ളങ്ങൾക്ക് മീതെ ആ കരുണാപേടകം ഉയർന്നുകൊണ്ടിരുന്നപ്പോൾ ആയിരമായിരം ഉത്കണ്ഠാപരിതമായ കണ്ണുകൾ ആ പെട്ടകത്തിന്മേൽ ആർത്തിയോടുകൂടി പതിഞ്ഞു എന്നതിന് സംശയമില്ല. പക്ഷേ അയ്യോ കഷ്ടം 'വാതിൽ അടച്ചുപോയി' അവരെ സംബന്ധിച്ചിടത്തോളം കൃപാദിവസങ്ങൾ ഇനി വരാതെവണ്ണം കഴിഞ്ഞുപോയിരുന്നു" (പ്രിയ സഹോദരങ്ങളേ, ഈ കാഴ്ച നോഹയുടെ കണ്ണിൽക്കൂടി നമുക്കൊന്ന് കാണാൻ കഴിഞ്ഞാൽ നാം ഞെട്ടിപ്പോകയില്ലയോ? വർഷങ്ങളായി സുവിശേഷം പറഞ്ഞെങ്കിലും പുറം തിരിഞ്ഞുനിന്ന നമ്മുടെ അച്ചായനും.... അമ്മാമ്മയും...... മകളും..... മകനും.... മറ്റ് സ്വന്തക്കാരും അല്ലയോ ആ കൂട്ടത്തിൽ കിടന്ന് മരണവെപ്രാളം കാണിക്കുന്നത്? അഥവാ നാം അവരോടു സുവിശേഷം അറിയിക്കാത്തതുകൊണ്ടല്ലയോ ഈ അവസ്ഥ അവർക്കുണ്ടായത്. സുവിശേഷ വേലയിൽ നമ്മുടെ പങ്ക് എന്ത് എന്നത് ഈ കാഴ്ച നമ്മെ ഓർമ്മപ്പെടുത്തട്ടെ. നമ്മുടെ ഉത്തരവാദിത്വത്തെ നമുക്ക് മറക്കാതിരിക്കാം). സാക്ഷ്യത്തിന്റെ അവസരം തീർന്നു പോയിരുന്നു. "നോഹയെ പെട്ടകത്തിനുള്ളിലാക്കി" അതിന്റെ വാതിൽ അടച്ച അതേ കൈകൾ തന്നെയാണ് അവരെ പെട്ടകത്തിനു പുറത്താക്കി വാതിൽ അടച്ചത്. പുറത്തായി പോയവർക്ക് അതിനുള്ളിൽ പ്രവേശിക്കാൻ അസാധ്യമായതുപോലെതന്നെ ഉൾപ്രവേശനം ലഭിച്ചവർക്ക് പുറത്തു കടക്കാനും സാധ്യമല്ലായിരുന്നു. പുറത്തായിപോയവർ ഇനി ഉദ്ധാരണം പ്രാപിപ്പാൻ വഴിയില്ലാത്തവരും, അതായത് തിരിച്ചെടുക്കുവാൻ ആവാത്തവിധം നഷ്ടപ്പെട്ടവരും, എന്നാൽ ഉൾപ്രവേശനം ലഭിച്ചവർ ഫലപ്രദമായി രക്ഷിക്കപ്പെട്ടവരും ആയിരുന്നു. പുറത്തായിപ്പോയവർ ദൈവത്തിന്റെ ദീർഘക്ഷമയേയും അവന്റെ ദാസന്റെ സാക്ഷ്യത്തേയും ഒരുപോലെ അവഗണിച്ചവർ ആയിരുന്നു.

"നോഹയുടെ കാലത്ത് സംഭവിച്ചതുപോലെ മനുഷ്യപുത്രന്റെ നാളിലും ഉണ്ടാകും. നോഹ പെട്ടകത്തിൽ കടന്ന നാൾവരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തുംപോന്നു. ജലപ്രളയം വന്ന് അവരെ എല്ലാവരേയും മൂടിക്കളഞ്ഞു (ലൂക്കോ. 17:26–27). ആശയപരമായി നോക്കിയാൽ ഇതിലെന്താണ് തെറ്റ്. ചെയ്ത മനുഷ്യനിലാണ് തെറ്റ്. "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല" എന്ന് തിരുവചനം പറയുമ്പോൾ, ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ലയോ എന്ന് ചോദിക്കുന്ന ഒരു തലമുറയുടെ മദ്ധ്യത്തിൽ നാം ആയിരിക്കുന്നു.

ന്യായവിധിയെപ്പറ്റി, പാപത്തെപ്പറ്റി, നാശത്തെപ്പറ്റി ഒന്നും വിശ്വസിപ്പാൻ അവർക്കു മനസ്സില്ലായിരുന്നു. സോദോംഗോമോറായുടെ നാശത്തെപ്പറ്റി

---

താണ് (എഫെ. 3:19) **(His love is incomprehensible)**

മനുഷ്യന്റെ അറിവിന് എത്തിപ്പിടിക്കാൻ കഴിയാത്ത എന്തുണ്ട്? അസാദ്ധ്യമെന്ന് കരുതിയ എത്രയോ കാര്യങ്ങൾ മനുഷ്യന്റെ മേധാശക്തി കീഴടക്കിക്കഴിഞ്ഞു. എന്നാൽ പൗലൊസ് അപ്പൊസ്തലൻ ദൈവസ്നേഹത്തെക്കുറിച്ച് എഴുതുമ്പോൾ മനുഷ്യന്റെ പരിജ്ഞാനത്തിന് എത്തുംപിടിയും കിട്ടാത്ത ഒരു അത്ഭുത വിഷയമായി സ്നേഹം അവശേഷിക്കുന്നു.

ഇപ്രകാരമുള്ള സ്നേഹത്തിന്റെ ആധിക്യമാണ് കാൽകഴുകൽ ശുശ്രൂഷയിൽ കൂടി നമുക്ക് ദർശിക്കുവാൻ കഴിയുന്നത്.

പവിത്രവും ഭക്തിസാന്ദ്രവുമായ ഒരു പശ്ചാത്തലം മാളികമുറിയിൽ എങ്ങും വ്യാപരിച്ചിരിക്കയാണ്. അവിടെയും സാത്താന്റെ സാന്നിധ്യവും അവന്റെ പ്രവർത്തനവിധവും ഒരു വിരോധാഭാസമായി തോന്നാം. സാത്താന്റെ തന്ത്രങ്ങൾ നാം പ്രതീക്ഷിക്കുന്നതിലും ചിന്തിക്കുന്നതിലും അപ്പുറമാണ്. യൂദായുടെ ഹൃദയത്തിൽ സാത്താൻ പ്രവേശിച്ചു കഴിഞ്ഞു. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഒരുക്കുവാൻ തക്കവണ്ണമുള്ള എല്ലാ കർമ്മ പരിപാടികളും സാത്താൻ യൂദയിൽ കൂടി പ്രവർത്തിപഥത്തിൽ കൊണ്ടുവരികയാണ്. ഇങ്ങനെയുള്ള സാത്താന്റെ തീയമ്പുകളെ തടയുവാൻ വിശ്വാസികൾക്ക് വിശ്വാസം എന്ന പരിചയുമുണ്ട്. എന്നാൽ യൂദയ്ക്ക് ഈ സർവ്വായുധവർഗ്ഗം ലഭിച്ചിരുന്നില്ല. ഏതു രംഗത്തും സാത്താന് പ്രവർത്തിക്കാൻ കഴിയുമെന്ന് ഈ രംഗം നമ്മെ വ്യക്തമായി പഠിപ്പിക്കുന്നു. (തുടരും)

ലോത്ത് തന്റെ മരുമക്കൾക്ക് മുന്നറിയിപ്പു നൽകിയപ്പോൾ "അവൻ കളി പറയുന്നു" എന്ന് തോന്നി (ഉല്പ. 19:14). പ്രളയത്തിനു മുമ്പുണ്ടായിരുന്ന ലോകസ്ഥിതി ഈ കാലഘട്ടത്തിന്റെ അവസാനത്തിലും ആയിരിക്കും എന്നോർത്തിരിക്കട്ടെ. സകലജഡത്തിന്റെയും അവസാനം എന്റെ മുന്നിൽ വന്നിരിക്കുന്നു എന്ന ദൈവിക സാക്ഷ്യം ദൈവമുഖത്തുനിന്നും പുറപ്പെട്ടുകഴിഞ്ഞു മനുഷ്യന്റെ മുമ്പിലല്ല, ദൈവത്തിന്റെ മുമ്പിലത്രേ ആ അവസാനം വന്നിരിക്കുന്നത്. എന്നിട്ടും അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊണ്ട ശേഷം സകലവും സൃഷ്ടിയുടെ ആരംഭത്തിൽ ഇരുന്നതുപോലെ തന്നെയിരിക്കുന്നു എന്ന് സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്ന പരിഹാസികളുടെ പരിഹാസശബ്ദം ഉയർന്നുകൊണ്ടിരിക്കുന്നു. ആ പരിഹാസികൾക്ക് അവർക്ക് അർഹമായ ഉത്തരം കിട്ടുന്നനാൾ അത്യാസന്നം തന്നെ." കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും, അന്ന് ആകാശം കൊടുമുഴക്കത്തോടെ ഒഴിഞ്ഞുപോകും. മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും (2 പത്രൊ. 3:10). അതിക്രമം അഥവാ തിന്മ അതിന്റെ പാരമ്യത്തിലെത്തുന്നതിനു മുൻപേ, ദൈവിക ന്യായവിധി അതിക്രമങ്ങളുടെ മേൽ നിപതിക്കുന്നതിന് മുൻപുതന്നെ, മദ്ധ്യാകാശത്തിൽ മണവാളനെ എതിരേൽക്കുകയെന്നതത്രേ നമ്മുടെ പ്രത്യാശ. ദൈവമക്കൾ നോക്കിപ്പാർക്കുന്നത് മൂലപദാർത്ഥങ്ങൾ കത്തിയെരിയുന്നത് കാണാനല്ല. "ശുഭ്രമായ ഉദയനക്ഷത്രത്തിന്റെ ഉദയത്തിന് വേണ്ടിയത്രേ". ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിറവേറ്റുവാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടും ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ (2 പത്രൊ. 3:9). കാലക്രമേണ അവൻ വിധികർത്താവായി മാറും. ഇന്ന് എല്ലാം കൃപാമയമാണ്. അന്ന് സർവ്വത്ര ക്രോധമയമായിരിക്കും. ഇന്ന് അവൻ കുരിശിൽക്കൂടെ പാപക്ഷമ നൽകുന്നു. അന്ന് അവൻ പാപത്തെ നരകശിക്ഷക്കും വിധിക്കും. ഇന്ന് അവൻ പാപികളോട് അവിരാമം സംസാരിച്ചുകൊണ്ടിരിക്കുന്നു. സർവ്വവും നിവൃത്തിയായി എന്ന് അവൻ വിളംബരം ചെയ്യുന്നു. കൃപ കാണിപ്പാൻ അവൻ കാത്തിരിക്കുന്നു. കർത്താവിന്റെ ദീർഘക്ഷമ രക്ഷയത്രേ. മനുഷ്യൻ ഇന്ന് ഒരു സുവർണ്ണലോകത്തെ സ്വപ്നം കാണുന്നു. കലാശാസ്ത്രങ്ങളുടെ പിൻബലത്തിൽ സൗഭാഗ്യപൂർണ്ണമായ ഒരു ആയിരമാണ്ട് വാഴ്ച അവൻ വാഗ്ദാനം ചെയ്യുന്നു. "ഇന്നത്തെപ്പോലെ നാളെയും ആയിരിക്കും. ഇന്നത്തേക്കാൾ കൂടുതൽ സുഖസമൃദ്ധമായിരിക്കും" എന്ന വിചാരമാണ് അവരുടെ പോഷണം. എന്നാൽ ഈ വിചാരങ്ങളും വാഗ്ദാനങ്ങളും എത്രയോ പൊള്ളത്തരമാണെന്ന് ഓർക്കുക. ലോകചക്രവാളസീമകളിൽ കാർമേഘപടലങ്ങൾ തടിച്ചു കൂടുന്നത് കാണുവാൻ വിശ്വാസദൃഷ്ടിക്കു കഴിയും. ന്യായവിധി വരുന്നു. താമസം വിനാ വാതിൽ അടക്കും. "വ്യാജത്തിന്റെ വ്യാപാരശക്തി" അതിവേഗം തന്നെ അതിന്റെ തീവ്രതയിൽ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ മനുഷ്യന്റെ ഖേദകരമായ അലംഭാവത്തിനെതിരായി പ്രവർത്തനം നടത്തേണ്ടത് - സുവിശേഷ ഘോഷണം നടത്തേണ്ടത് - എത്രയോ ആവശ്യമായിരിക്കുന്നു.

"കൃപയുടെ വാതിലിതാ പൂട്ടുവാൻ തുടങ്ങുന്നു, സോദരരേ, ഓടിവന്നാൽ നിങ്ങൾക്കും പ്രവേശിക്കാം. ലോകമായ കപ്പലിതാ താഴുവാൻ തുടങ്ങുന്നു. ഉറങ്ങുന്ന സോദരരേ നിദ്ര വിട്ടുണരുവിൻ" എന്ന കർതൃദാസന്റെ ആഹ്വാനം പ്രിയ ദൈവമക്കളെ നാം ആയിരിക്കുന്ന ഇടങ്ങളിൽ മുഴക്കാം. കേരളത്തിലും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലും വിവിധ മാധ്യമങ്ങൾ വഴി നടത്തിക്കൊണ്ടിരിക്കുന്ന സുവിശേഷ പ്രവർത്തനങ്ങളെ പ്രാർത്ഥനയിൽ വഹിക്കയും ആവോളം പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. ഇപ്പോഴാകുന്നു സുപ്രസാദ കാലം. ഇപ്പോഴാകുന്നു രക്ഷാദിവസം (2 കൊരി. 6:2) ഇത്രശക്തനായ ഒരുവനെ നമുക്ക് സഹായിയായി ആക്കിവെച്ചവനും ഇത്രയും പ്രബലനായ ഒരു രക്ഷിതാവിനെ നമുക്ക് ദാനം ചെയ്തവനുമായ സർവ്വകൃപാലുവായ ദൈവം നമ്മെ ഏവരേയും സഹായിക്കുമാറാകട്ടെ.

## അഭ്യർത്ഥന

***ഗയ (ബീഹാർ)***: സഭാഹാളിനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തനത്തിന്റെ ഭാഗമായി പാവപ്പെട്ട കുട്ടികളെ തയ്യൽപഠിപ്പിക്കുന്ന സ്ഥാപനത്തിനായി പ്രാർത്ഥിച്ചുവരികയായിരുന്നു. ചെറിയ രീതിയിൽ അതിനു തുടക്കം കുറിക്കുവാൻ സാധിച്ചു. ജോലിയില്ലാത്ത അനവധി പാവപ്പെട്ട പെൺകുട്ടികൾക്ക് ഇതൊരു സഹായകമാകും. പരിമിത സൗകര്യങ്ങളേ ഇതിനായി ഞങ്ങളുടെ പക്കൽ ഉള്ളൂ. 2,3 തയ്യൽ മിഷ്യൻകൂടി ഇതിനാവശ്യമാണ്. അതിനായി ദൈവമക്കളുടെ സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു. വിലാസം K.C Mathew, R-10, H-N/94, Magadh Colony, Gaya - 823001

# ന്യായം വിധിക്കുന്ന സമയം

ബെൻസിക് മിരാന്റെ, തിരുവനന്തപുരം

**ഓ**രോ വ്യക്തിക്കും വിലമതിക്കാനാവാത്ത സ്വത്താണ് സമയം. സമയത്തിന്റെ സൃഷ്ടിതാവും ദൈവം തന്നെയാണ്. പകലും രാത്രിയും വേർതിരിക്കാൻ വെളിച്ചങ്ങളെ നൽകിയ ദൈവം സമയം മനുഷ്യർക്ക് നല്കിയതിന്റെ പിന്നിലെ ഉദ്ദേശ്യം എന്തായിരുന്നു? പലരും സമയം എന്ന വ്യവസ്ഥയെ ഇഷ്ടപ്പെടാത്തവരാണ്. നമ്മുടെ ആത്മീക വളർച്ചയ്ക്ക് സമയം എന്ന വ്യവസ്ഥ അനിവാര്യമാണ്. എന്തെങ്കിലും ചെയ്യാം എന്ന മാനുഷിക സ്വഭാവം നമ്മെ മടിയരാക്കാൻ സാധ്യത ഏറെയാണ്. ഒരു വ്യക്തിയുടെ ജനനം, വളർച്ച, സംഭവങ്ങൾ, പ്രധാന തീരുമാനങ്ങൾ, ഉയർച്ച, മരണംവരെ സമയത്തിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. സമയം ഫലപ്രദമായി എങ്ങനെ ഉപയോഗിക്കാം എന്ന് ആധികാരികമായി പറയുന്ന ഏക പുസ്തകം സമയത്തെ നമുക്ക് ദാനം ചെയ്ത ദൈവത്തിന്റെ പുസ്തകമായ ബൈബിൾ തന്നെയാണ്. ''ഇത് ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചു കൊൾവിൻ" (എഫെ. 5:16). സമയം വേണ്ടതുപോലെ ഉപയോഗിച്ചില്ലെങ്കിൽ എന്താണ് കുഴപ്പം? ന്യായമായ ചോദ്യം....! എല്ലാവർക്കും ഒരുപോലെ സമയം നൽകിയ ദൈവം അത് എങ്ങനെ ചിലവഴിച്ചു എന്നു ചോദിക്കുമെന്നതിൽ രണ്ടഭിപ്രായമില്ല. അവൻ നമ്മുടെ നടപ്പ് കുറിച്ചുവയ്ക്കുന്ന ദൈവമാണ് (ഇയ്യോബ് 13:27). ഇഷ്ടമുള്ള വഴികളിലും ബോധിച്ചവണ്ണവുമുള്ള നടപ്പിന് എത്ര സമയമാണ് നാം കളയുന്നത്. ഇതെല്ലാം ദൈവം ന്യായവിസ്താരത്തിൽ വരുത്തും (സഭാ. 11.9).

സമയം ഏറ്റവും തക്കതായ നിലയിൽ വിനിയോഗിച്ചത് യേശുകർത്താവ് തന്നെയാണ്. തന്റെ ജനനം, ബാല്യകാലം, പരസ്യശുശ്രൂഷയുടെ സമയം, പ്രസംഗങ്ങൾ, അത്ഭുത പ്രവൃത്തികൾ എല്ലാം ഏറ്റവും കൃത്യസമയങ്ങളിൽ കർത്താവ് നിർവ്വഹിച്ചു. തന്റെ മരണവും അപ്രകാരം തന്നെ. "നാം ബലഹീനർ ആയിരിക്കുമ്പോൾ തന്നെ ക്രിസ്തു തക്ക സമയത്ത് അഭക്തർക്കുവേണ്ടി മരിച്ചു'' (റോമർ 5:6). ഉയിർപ്പും തന്റെ സ്വർഗ്ഗാരോഹണവും മടങ്ങിവരവുമെല്ലാം ദൈവത്തിന്റെ കാര്യപരിപാടി പ്രകാരം തന്നെയാണ്.

പ്രിയരേ നമ്മുടെ സമയവിനിയോഗം എങ്ങനെയിരിക്കുന്നു. ഒരു വിശ്വാസിക്ക് ഫലപ്രദമായ സമയവിനിയോഗത്തിന് ടൈംടേബിൾ ആവശ്യമാണ്. രാവിലെ ഉണരുന്നതു മുതൽ രാത്രി ഉറങ്ങുന്നതുവരെ ദിവസേന സമയവിനിയോഗങ്ങൾ ടൈംടേബിൾ പ്രകാരം പോകുന്നത് നല്ലത്. ചെയ്തു തീർക്കേണ്ട കാര്യങ്ങൾ ഇത്രദിവസങ്ങൾക്കുള്ളിൽ, ആഴ്ചകൾ, മാസങ്ങൾക്കുള്ളിൽ ചെയ്തുതീർക്കുവാൻ സമയം കുറിച്ച് ഉത്സാഹിക്കുക. മറന്നുപോകുന്നവ കുറിച്ചിട്ട് ചെയ്തു തീർക്കുക. ഇങ്ങനെ ക്രമീകൃതമായി മുന്നോട്ടു പോകുമ്പോൾ ആത്മീക യോഗങ്ങൾക്കുള്ള നമ്മുടെ സമയ വിനിയോഗങ്ങൾ ശരിയാകും. ആരാധന, പ്രാർത്ഥന, ബൈബിൾ ക്ലാസ്സ് മുതലായ യോഗങ്ങൾക്ക് സമയാസമയങ്ങളിൽ എത്തുവാൻ സാധിക്കും. ആത്മീകമായ സഭായോഗങ്ങളിൽ താമസിച്ചെത്തുന്നതും മറ്റു പരിപാടികളിൽ ഉത്സാഹത്തോടെ നേരത്തെ എത്തുന്നതും ദൈവത്തെ നിന്ദിക്കുന്നതിന് തുല്യമാണ്. ഇനി പ്രായോഗിക ജീവിതത്തിൽ ഉപയോഗശൂന്യമായി പോകുന്ന സമയങ്ങളിൽ ചിലത് എങ്ങനെ പ്രയോജനപ്പെടുത്താം എന്നു നോക്കാം. രാവിലെ കൃത്യമായി ഒരു സമയത്ത് എഴുന്നേല്ക്കുക. മണിക്കൂറുകളോളം യാത്ര ചെയ്യുമ്പോൾ (ട്രെയിൻ പോലുള്ളവയിൽ) വെറുതെ സമയം കളയാതെ ഉപയോഗപ്രദമായ ആത്മീക പുസ്തകങ്ങൾ, ബൈബിൾ ഇവ വായിക്കുന്നത് നല്ലതാണ്. ബിൽ അടയ്ക്കുവാൻ ക്യൂവിൽ നിൽക്കുമ്പോഴും ബസ് ലെയ്റ്റാണെങ്കിലും മാഗസിൻ, പത്രം എന്നിവ വായിക്കുവാൻ കയ്യിൽ വെച്ചിരിക്കുന്നത് ഉപയോഗമാണ്. ഇന്നത്തെ കാലത്തെ യുവ തലമുറ പലപ്പോഴും സമയം ദുർവിനിയോഗം ചെയ്യുന്നത് റ്റി.വി., ഇന്റർനെറ്റ് എന്നിയുടെ മുൻപിലാണെന്ന് കണക്കുകൾ പറയുന്നു. ആവശ്യമായ നല്ല പരിപാടികൾ കാണുകയും ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനും സമയപരിധി വയ്ക്കുന്നതും നല്ലതാണ്. എന്നാൽ 2005 – 07 ലെ റിപ്പോർട്ടുകൾ പറയുന്നത് യൗവ്വനക്കാർ ഏറ്റവുമധികം സമയം അനാവശ്യമായി ഉപയോഗിക്കുന്നത് മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിലൂടെയാണ്. മണിക്കൂറുകളോളം സംസാരിച്ച് സമയം കളയുന്നത് വിനോദമാക്കുന്നവരാണധികവും.

“Phone is always to be used for brief talks and to deliver information, not for chitchat” അത്യാവശ്യ സന്ദേശങ്ങൾ കൈമാറുവാനും വിശേഷങ്ങൾ ചുരുക്കത്തിലറിയുവാനും മാത്രം ഇത് ഉപയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

പ്രിയരേ, സമയം ഒരിക്കലും മടങ്ങിവരാത്തതും ദൈവസന്നിധിയിൽ കണക്കുബോധിപ്പിക്കേണ്ടതും എന്നറിഞ്ഞ് ജീവിതനിമിഷങ്ങൾ പാഴാക്കാതെ ദൈവനാമ മഹത്വത്തിനായ് മുന്നേറാം. "God is the God of order not disorder" ജീവിതം കൃത്യതയുള്ളതും ഫലവത്തായും തീരാൻ പ്രാർത്ഥനയോട് മുന്നേറാം. ദൈവം അതിനായി നമ്മെ സഹായിക്കട്ടെ. ●

# പുതിയ സൃഷ്ടി - 14

എം.റ്റി. ജോർജ്ജ്, കോന്നി

വിഷാദാത്മകരെ സംബന്ധിച്ചിടത്തോളം നിയന്ത്രിച്ചു നിർത്തുന്ന കോപം അവരെ പിന്തുടർന്നു കൊണ്ടിരിക്കും എന്നുള്ളത് ഒരു പ്രത്യേകതയാണ്. മോശെയുടെ ജീവിതത്തിലും കോപിക്കുന്ന സ്വഭാവം അദ്ദേഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ പല പ്രതിസന്ധികൾക്കും കാരണമായിട്ടുണ്ട്. യിസ്രായേൽ ജനത്തെ വാഗ്ദത്തനാട്ടിൽ എത്തിക്കുവാൻ കഴിയാതെ പോയത് ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു സന്ദർഭമാണ്. തീവ്രകോപം ദൈവാത്മാവിനെ ദുഃഖിപ്പിക്കുന്നു എന്നതിനു പുറമെ ആരോഗ്യനാശകവും അസ്വസ്ഥമനസിന്റെ വിളനിലവുമായി ഭവിക്കുവാൻ ഇടയുണ്ട്.

'മോശെ അവരോടു കോപിച്ചു' (പുറ. 16:20), 'അപ്പോൾ മോശെയുടെ കോപം ജ്വലിച്ചു' (പുറ. 32:19), എന്നീ ഭാഗങ്ങൾ നോക്കുക. കോപം എല്ലായ്പ്പോഴും തെറ്റായിക്കൊള്ളണമെന്നില്ല. എന്നാൽ സ്വാഭിഷ്ടജന്യമായ കോപം ദൈവത്തിന് അഹിതവും പ്രകടമായ പാപത്തിലേക്ക് നയിക്കുന്നതുമായിത്തീരാം.

ചില ദിവസങ്ങൾ ദൈവസാന്നിദ്ധ്യത്തിൽ കഴിച്ചു കൂട്ടിയതിനുശേഷം യിസ്രായേലിനു നൽകിയ 10 കല്പനകൾ അടങ്ങിയ കൽപലകകളുമായി വരുമ്പോഴാണ് പെട്ടെന്ന് മോശെ കോപാകുലനാകുന്നത്. കാളക്കുട്ടിയുടെ മുമ്പിൽ നൃത്തം ചെയ്യുന്ന യിസ്രായേൽ ജനത്തെക്കണ്ട് കോപത്താൽ മതിമറന്ന മോശെ തന്റെ കയ്യിൽ ഇരുന്ന കൽപ്പലകകൾ എറിഞ്ഞു ഉടച്ചുകളഞ്ഞു (പുറ. 32:19). ഇവിടെ പാപത്തിനെതിരെ ഉയർന്ന കോപം നീതിയുക്തമായ കോപം ആണെങ്കിലും അനിയന്ത്രിതമായ കോപം പാപം ചെയ്യുവാൻ കാരണമായിട്ടുണ്ട്. കോപത്താൽ പ്രേരിപ്പിക്കപ്പെട്ടു ചെയ്യുന്ന കാര്യങ്ങൾ സാധാരണയായി പ്രശ്നങ്ങൾ സൃഷ്ടിക്കുകയോ ബുദ്ധിമുട്ടുകൾ വർദ്ധിപ്പിക്കുകയോ മാത്രമേ ചെയ്യുകയുള്ളൂ. 'മനുഷ്യന്റെ കോപം ദൈവത്തിന്റെ നീതിയെ പ്രവർത്തിക്കുന്നില്ല' (യാക്കോബ് 1:20) എന്നാണല്ലോ യാക്കോബ് പറഞ്ഞിരിക്കുന്നത്.

മരുഭൂമിയിൽ വച്ച് മോശെയുടെ മേൽ ഉണ്ടായ വൈകാരിക സമ്മർദ്ദം നാം ലഘൂകരിച്ചു വീക്ഷിക്കുവാൻ പാടില്ല. ചൂടും വിശപ്പും നിരാശയും നിമിത്തം അസംതൃപ്തരായ യിസ്രായേൽ ജനം അവരുടെ മോഹഭംഗത്തിന്റെ ഉത്തരവാദിത്തം മുഴുവൻ മോശെയുടെ മേൽ ചാരി ദൈവത്തിന്റെ ദാനങ്ങളിൽ തൃപ്തരാകാതെ വന്നപ്പോഴൊക്കെ അവർ അവന്റെ നേരെ തിരിയുകയാണല്ലോ ഉണ്ടായത്. ദീർഘകാലം അവർ സഹിച്ചതുപോലെയുള്ള സമ്മർദ്ദം മറ്റാരും നേരിട്ടിട്ടുണ്ടാവില്ല. വിവേചന ശക്തിയുള്ള ആരും തന്നെ നന്ദികെട്ട ആ ജനത്തിന്റെ വാക്കുകളിലും പ്രവൃത്തികളിലും പ്രകോപിതനായ മോശെയെ കുറ്റപ്പെടുത്തുവാൻ തുനിയുകയില്ല. എന്നാൽ മോശെക്ക് ഓരോ സന്ദർഭത്തിലും ആവശ്യമായ ആലോചനയും നിർദ്ദേശങ്ങളും നൽകി സഹായിച്ച ദൈവത്തിന് അത് അവഗണിക്കാൻ കഴിയാതെ അവനെ ശിക്ഷിക്കുകയാണ് ചെയ്തത്.

മരുപ്രയാണത്തിന്റെ അന്ത്യനാളുകളടുത്ത സമയത്ത് അവരോടുള്ള രോഷം അത്യുച്ചാവസ്ഥയിലെത്തിയപ്പോഴാണ് അവരുടെ പരാതി വാക്കുകൾ അവനെ പിന്നെയും പ്രകോപിപ്പിച്ചത്. അവരുടെ ഏറ്റവും രൂക്ഷമായ പരാതിയുടെ വാക്കുകൾ സംഖ്യാപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. 'ജനം മോശെയോടു കലഹിച്ചു. ഞങ്ങളുടെ സഹോദരന്മാർ യഹോവയുടെ സന്നിധിയിൽ മരിച്ചപ്പോൾ ഞങ്ങളും മരിച്ചുപോയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഞങ്ങളും ഞങ്ങളുടെ മൃഗങ്ങളും ഇവിടെ കിടന്നു ചാകേണ്ടതിനു നിങ്ങൾ യഹോയുടെ സഭയെ ഈ മരുഭൂമിയിൽ കൊണ്ടുവന്നത് എന്ത്?......... ഇവിടെ വിത്തും അത്തിപ്പഴവും മുന്തിരിപ്പഴവും മാതളപ്പഴവും ഇല്ല. കുടിപ്പാൻ വെള്ളവുമില്ല എന്നു പറഞ്ഞു" (സംഖ്യ. 20:3-5).

തുടർന്നുള്ള വാക്യത്തിൽ ഇപ്രകാരം കാണുന്നു. "എന്നാറെ മോശെയും അഹരോനും സഭയുടെ മുമ്പിൽ നിന്ന് സമാഗമന കൂടാരത്തിന്റെ വാതിൽക്കൽ ചെന്നു കമിഴ്ന്നു വീണു. യഹോവയുടെ തേജസ്സ് അവർക്ക് പ്രത്യക്ഷമായി. യഹോവ മോശെയോട് നിന്റെ വടി എടുത്ത് നീയും സഹോദരനായ അഹരോനും സഭയെ വിളിച്ചു കൂട്ടി അവർ കാൺകെ പാറയോട് കൽപിക്ക. എന്നാൽ അത് വെള്ളം തരും. പാറയിൽ നിന്ന് അവർക്ക് വെള്ളം പുറപ്പെടുവിച്ച് ജനത്തിനും അവരുടെ കന്നുകാലികൾക്കും കുടിപ്പാൻ കൊടുക്കണം എന്നരുളിചെയ്തു"(സംഖ്യാ. 20:6-8).

ഈ സന്ദർഭത്തിൽ വിഷാദാത്മകപ്രകൃതിയായ കോപം അവനിൽ പ്രകടമായി ജനത്തെ വിളിച്ചു കൂട്ടി അവൻ അവരോടു പറഞ്ഞു "മത്സരികളേ കേൾപ്പിൻ ഈ പാറയിൽ നിന്ന് ഞങ്ങൾ നിങ്ങൾക്ക് വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞു. മോശെ കൈ ഉയർത്തി വടികൊണ്ടു പാറയെ 2 പ്രാവശ്യം അടിച്ചു.വളരെ വെള്ളം പുറപ്പെട്ടു. ജനവും അവരുടെ കന്നുകാലികളും കുടിച്ചു. പിന്നെ യഹോവ മോശെയോടും

അഹരോനോടും നിങ്ങൾ യിസ്രായേൽ മക്കൾ കാൺകെ എന്നെ ശുദ്ധീകരിപ്പാൻ തക്കവണ്ണം എന്നെ വിശ്വസിക്കാതിരുന്നതുകൊണ്ട് നിങ്ങൾ ഈ സഭയെ ഞാൻ അവർക്ക് കൊടുത്തിരിക്കുന്ന ദേശത്തേക്ക് കൊണ്ടുപോകയില്ല എന്നു അരുളി ച്ചെയ്തു" (സംഖ്യ. 20:9-12).

മോശെയുടെ ആവേശം നിസ്സാരമെന്നു തോന്നാമെങ്കിലും പാറയോടു കല്പിക്കുക എന്ന ആജ്ഞയുടെ ലംഘനമായിരുന്നു അത്. ജന ത്തിന്റെ ആവശ്യം ദൈവം കൃപയോട് വീക്ഷി ക്കുന്നു എന്നു വെളിവാക്കുക എന്നതായിരുന്നു ദൈവത്തിന്റെ ഉദ്ദേശ്യം. എന്നാൽ മോശെയുടെ ആവേശപ്രകടനം ആ പദ്ധതിയെ താറുമാറാ ക്കുകയാണ് ചെയ്തത്. പാറയെ അടിച്ചതു മുഖാ ന്തരം ദൈവത്തിന്റെ കൃപയേയും ശക്തിയേയും അവരുടെ മുമ്പാകെ വെളിപ്പെടുത്തുന്നതിനു പകരം മോശെയുടെ കോപത്തേയും സ്വയനീതി യേയും അവിടെ പ്രകടമാക്കുകയാണുണ്ടായത്. ഫലം മോശെയുടെ ആയുസ്സും നേതൃത്വവും വെട്ടിച്ചുരുക്കി വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുവാൻ കഴിയാതാക്കി എന്നുള്ളതാണ്. മരണത്തിനു മുമ്പെ പർവ്വതമുകളിൽ നിന്നും ആ നാട് കണ്ടുകൊള്ളുവാൻ ദൈവം അവനെ അനുവദിച്ചു. യിസ്രായേലിനെ നടത്തുവാൻ മറ്റൊരു നേതാ വിനെ ആക്കുകയും ചെയ്തു.

**നൈരാശ്യത്തിനു വിധേയനായ മോശെ.** ജീവിതത്തിൽ നൈരാശ്യം ബാധിച്ച് മരിച്ചാൽ മതി എന്നു ദൈവത്തോട് പറഞ്ഞ 3 പേരിൽ ഒരാളാണ് മോശെ. മറ്റു 2 പേർ ഏലിയാവും (1 രാജാ. 19) യോനയും ആണ് (യോനാ 4:1-3). മറ്റു വിഭാഗ ങ്ങളേക്കാൾ കൂടുതലായി മനസ്സിടിച്ചിൽ എന്ന രോഗത്തിന് വേഗം വിധേയരാകുന്നത് വിഷാദാത്മ കരാണ്. മറ്റുള്ളവരേക്കാൾ കൂടുതൽ സ്വയം സഹതാപം (Self pity) എന്ന ബലഹീനതയ്ക്ക് അവർ വേഗത്തിൽ വിധേയപ്പെടുന്നതാണ് അതിനു കാരണം.

മോശെക്കുണ്ടായ സ്വയം സഹതാപത്തിന്റേയും നൈരാശ്യചിന്തയുടെയും ഒരു ചിത്രം സംഖ്യാ. 11 ൽ നാം കാണുന്നു. മന്നാകൊണ്ടു തൃപ്തിപ്പെ ടാതെ ഇറച്ചിക്കുവേണ്ടി കരഞ്ഞ ദുരാഗ്രഹികളോട് അരിശം തോന്നിയ മോശെ ദൈവത്തോട് തന്റെ ആവലാതി പറയുന്നത് ഇപ്രകാരമാണ്. "നീ അടി യനെ വലച്ചത് എന്ത്? നിനക്ക് എന്നോട് കൃപ തോന്നാതെ ഈ സർവ്വജനത്തിന്റെയും ഭാരം എന്റെമേൽ വച്ചതെന്ത്? മുലകുടിക്കുന്ന കുഞ്ഞിനെ ഒരു ധാത്രി എടുക്കുന്നതു പോലെ ഞാൻ അവരെ നീ അവരുടെ പിതാക്കന്മാരോട് സത്യം ചെയ്ത ദേശത്തേക്ക് എന്റെ മാറത്തെടുത്തു കൊണ്ടു പോകേണമെന്ന് എന്നോട് കൽപ്പിപ്പാൻ ഈ ജനത്തെ ഒക്കെയും ഞാൻ ഗർഭം ധരിച്ചുവോ? ഞാൻ അവരെ പ്രസവിച്ചുവോ? ഈ ജനത്തിനൊ ക്കെയും കൊടുപ്പാൻ എനിക്ക് എവിടെ നിന്ന് ഇറച്ചി കിട്ടും?... ഏകനായി ഈ സർവ്വജനത്തെയും വഹിപ്പാൻ എന്നെക്കൊണ്ട് കഴിയുന്നതല്ല. അത് എനിക്ക് അതിഭാരം ആകുന്നു. ഇങ്ങനെ എന്നോട് ചെയ്യുന്ന പക്ഷം ദയ വിചാരിച്ച് എന്നെ കൊന്നുകളയേണമേ. എന്റെ അരിഷ്ടത ഞാൻ കാണരുതേ" (സംഖ്യാ. 11:10-15).

ആരെങ്കിലും മരിക്കുവാൻ ഇരിക്കുന്നുവെങ്കിൽ അതിനു കാരണം അവരുടെമേൽ അനുഭവപ്പെ ടുന്ന സമ്മർദ്ദമോ ഭാരമോ അല്ല, പ്രത്യുത അവയോടുള്ള മനോഭാവമാണ് എന്നു നാം മനസ്സി ലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ ചിന്താസരണിയെ സ്വാധീനിക്കുന്നത് മനോഭാവമാണ്. നിരന്തരം ദൈവത്തോട് നന്ദിപുലർത്തുന്ന മനോഭാവം ഉള്ളവരെ മനസ്സിടിവ് ബാധിക്കുകയില്ല. അനുകൂല മല്ലാത്ത സാഹചര്യങ്ങളിൽ മനസ്സ് വ്യാപരിപ്പിച്ചാൽ കൂടെക്കൂടെ മനസ്സിടിവ് എന്ന രോഗം ബാധിക്കും. ചുറ്റുപാടും സംഭവിച്ച കാര്യങ്ങളോട് പ്രതികരി ക്കുന്ന മനോഭാവം മോശെക്കുണ്ടായപ്പോൾ അവനെ നൈരാശ്യം അടിപ്പെടുത്തി. എല്ലാക്കാല ത്തും നമ്മെ പുലർത്തിക്കൊള്ളാമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കയാണ്. ദൈവം വാക്കു മാറുന്നവനല്ല. എന്നാൽ അവന്റെ വാക്കുകളിൽ വിശ്വാസം അർപ്പിക്കുന്നതിലും അവൻ തരുന്ന നന്മകളെ ഉപയോഗിക്കാൻ കഴിയാതെ വരുന്ന തിലും കൂടെ നാം സ്വയംസഹതാപം എന്ന ദോഷത്തിലേക്ക് അതിൽക്കൂടെ മനസ്സിടിച്ചിൽ എന്ന പടുക്കുഴിയിലേക്ക് വീഴുകയാണ്.

നമ്മുടെ ധൈര്യം പകരുന്ന വസ്തുത മരിക്കു വാനുള്ള മോശെയുടെ താല്പര്യം ദൈവം ഗൗനിച്ചില്ല എന്നുള്ളതാണ്. തന്റെ സ്വയം സഹതാപം എന്ന പാപത്തെ മോശെ ഏറ്റു പറഞ്ഞു ക്ഷമ പ്രാപിച്ചുകാണും എന്നു കരുതാം. കാരണം പിന്നെയും ചില വർഷങ്ങൾ മോശെയെ ദൈവം ഉപയോഗപ്പെടുത്തിയല്ലോ. ദൈവം നമ്മോട് ക്ഷമിക്കയും നമ്മുടെ ജീവിതം പ്രയോജന പ്രദമാക്കുകയും ചെയ്യും. ഏലിയാവിനോടും യോനെയോടും അവൻ അങ്ങനെയാണ് ചെയ്തത്. വായനക്കാരിൽ ആർക്കെങ്കിലും മനസ്സിടിച്ചിൽ എന്ന പ്രശ്നം ഉണ്ടെങ്കിൽ ഒരു തീരുമാനത്തിൽ എത്തിച്ചേരുക. സാഹചര്യം എന്തു തന്നെയായിരു ന്നാലും ദൈവത്തിന് നന്ദി പറയുക. സൗഖ്യം നിങ്ങളുടെ തീരുമാനത്തെ ആശ്രയിച്ചാണിരിക്കുന്നത്.

**പൂർണ്ണതാവാദം** – വിഷാദാത്മകനായ മോശെയുടെ അടുത്ത പ്രശ്നം പൂർണ്ണതാവാദം ആണ്. മോശെയുടെ ഈ പ്രത്യേകത എങ്ങനെ ദൈവം ഉപയോഗപ്പെടുത്തി എന്ന് പുറപ്പാടു പുസ്തകം ഒടുവിലത്തെ അദ്ധ്യായങ്ങളിലും ലേവ്യസംഖ്യാ പുസ്തകങ്ങളിലും കാണാം. ദൈവജനത്തിനു കൊടുത്ത നിയമാവലിയുടെ അതിസൂക്ഷ്മതലത്തിലുള്ള വിശദാംശങ്ങൾ ദൈവം മോശെക്കു നൽകി. അതിൽ ആചാരപരമായ നിയമങ്ങളും ഭരണപരമായ നിയമങ്ങളും പൗരോഹിത്യ നിയമങ്ങളും ഉൾക്കൊള്ളുന്നു, യിസ്രായേൽ ജനതയുടെ ആരാധനാകേന്ദ്രമായിരുന്ന സമാഗമന കൂടാരത്തിന്റെ അളവുകൾ വളരെ കൃത്യമായി മോശെക്ക് നൽകി. മോശെയെപ്പോലെ പരിശുദ്ധാത്മ നിറവുള്ള വിഷാദാത്മക പ്രകൃതിയുള്ള ഒരുവനു മാത്രമേ ദൈവനീതിയുടെ അളവുകൾക്കനുസൃതമായി കൃത്യമായി ചെയ്തു തീർക്കാൻ കഴിയുമായിരുന്നുള്ളൂ.

കഴിവുറ്റ പൂർണ്ണതാവാദികളായ വിഷാദാത്മകർക്ക് തങ്ങളുടെ ഉത്തരവാദിത്തങ്ങൾ മറ്റുള്ളവരെ ഭരമേല്പിക്കുവാൻ പ്രായേണ വളരെ വിഷമമായിരിക്കും. അമ്മായിഅപ്പനായ യിത്രൊ മോശെയെ സന്ദർശിക്കുവാനായി വന്നപ്പോൾ ഏകനായി ആ വലിയ ജനസമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ മോശെ ചെയ്യുന്ന അത്യദ്ധ്വാനം കണ്ട് ആ ചുമതലകൾ മറ്റുള്ളവരെ കൂടെ ഏല്പിക്കാൻ ആലോചന പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ടല്ലോ (പുറ. 18:17-23). ആ ആലോചന മോശെ അംഗീകരിക്കുകയും ചെയ്തുവല്ലോ. മറ്റുള്ളവർക്കു ചുമതലകൾ പങ്കിട്ടുകൊടുക്കുന്നതിൽ പ്രതിഭാശാലികളായ വിഷാദാത്മകർ കാണിക്കുന്ന വൈമുഖ്യം അവർക്കു ചെയ്യുവാൻ കഴിയുന്ന കാര്യങ്ങളിൽ ഭൂരിഭാഗവും ചെയ്യുവാൻ കഴിയാത്ത അവസ്ഥ സൃഷ്ടിക്കുന്നു. മറ്റുള്ളവരുടെ കഴിവുകളിൽ അവർക്കു വിശ്വാസം ഉണ്ടാകുന്നില്ല എന്നുള്ളതാണു കാരണം. തന്മൂലം എല്ലാം സ്വയം ചെയ്യാൻ അവർ തയ്യാറാകുന്നു. ഡി.എൽ. മൂഡി ഇപ്രകാരം ഉപദേശിക്ക പതിവായിരുന്നു. “10 പേരുടെ പ്രവർത്തനം സ്വയം ചെയ്യാതെ അതു 10 പേരെക്കൊണ്ട് ചെയ്യുവാൻ ശ്രമിക്കുക.” അങ്ങനെയാകുമ്പോൾ പരിശുദ്ധാത്മ സഹായത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിഷാദാത്മകർക്ക് സുപ്രധാന കാര്യങ്ങളിൽ ശ്രദ്ധപതിപ്പിക്കുവാൻ സാധിക്കും.

അടുത്തതായി വിഷാദാത്മകരുടെ പ്രത്യേകതയായ വിശ്വസ്തത എന്ന ഗുണം തിരുവെഴുത്തിൽക്കൂടെ നമുക്ക് നൽകുന്ന സാക്ഷ്യം പരിശോധിക്കാം. വിഷാദാത്മകർ മറ്റുള്ളവരുമായി വേഗം അടുക്കുകയില്ലെങ്കിലും അടുത്തു കഴിഞ്ഞാൽ അത് ആത്മാർത്ഥവും സ്ഥിരതയുള്ളതുമായിരിക്കും. മോശെ ദൈവത്തിനു വിധേയപ്പെട്ടതു മുതൽ സമ്പൂർണ്ണമായി അവൻ പരിശുദ്ധാത്മ സഹായത്താൽ വിശ്വസ്തതയ്ക്ക് ഉത്തമമാതൃകയായി ഭവിച്ചു. അവനിൽ ഉണ്ടായ പരിവർത്തനം അത്ഭുതാവഹമായിരുന്നു. അവന്റെ അരക്ഷിതത്വബോധവും സംശയാലുത്വവും അശുഭചിന്തകളും മാനസിക അധൈര്യവും പാടേ മാറി ആ വലിയ ജനത്തെ നയിക്കുവാൻ പിതൃതുല്യമായ ഹൃദയമുള്ളവനായി ഭവിച്ചു.

40 വർഷം ഭക്തിയിലും അവൻ വളർന്നുകൊണ്ടേയിരുന്നു. പ്രശ്നങ്ങൾ ഉണ്ടായപ്പോൾ മാർഗ്ഗനിർദ്ദേശത്തിനായി അവൻ ദൈവമുഖത്തേയ്ക്ക് നോക്കി. ജനം വിശക്കുന്നു എന്നു പരാതിപ്പെട്ടപ്പോൾ മോശെ പ്രാർത്ഥിച്ചു. ദൈവം അവർക്ക് മന്നാ വർഷിപ്പിച്ചു തൃപ്തി വരുത്തി. വെള്ളത്തിനുവേണ്ടി ജനം കരഞ്ഞപ്പോൾ പാറയിൽ നിന്നും അവർക്ക് വെള്ളം ലഭ്യമാക്കി. ചെങ്കടലിന്മേൽ അവന്റെ വടി ഉയർത്തിയപ്പോൾ സമുദ്രം താനെ പിളർന്ന് ഉണങ്ങിയ നിലത്തുകൂടി ചെങ്കടൽ കടക്കുവാൻ വഴി ഒരുക്കി. ഭയചകിതനും നിഷേധചിന്തയ്ക്ക് വിധേയനും ആയ വിഷാദാത്മകൻ ദൈവാത്മാവിനു വിധേയപ്പെട്ടാൽ അവനെക്കൊണ്ട് ദൈവത്തിന് എന്തെല്ലാം സാധിക്കാം എന്നുള്ളത് മോശെയുടെ ചരിത്രം വെളിവാക്കുന്നു.

മോശെയുടെ ജിവിതത്തിലും മാനുഷീകമായ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. പൂർണ്ണത ആർക്കും അവകാശപ്പെടാൻ കഴിയുകയില്ല. പരാജയങ്ങളെ വിജയപാതയിലേക്കുള്ള ചവിട്ടു പടികളാക്കുവാൻ പരിശുദ്ധാത്മാവിനു കഴിയും. പരാജയങ്ങൾ സമ്മതിച്ച് ഏറ്റുപറഞ്ഞ് മോചനം പ്രാപിക്കുമെങ്കിൽ! (തുടരും)

---

**ഭിവാനി**

ഇവിടെ സുവിശേഷപ്രവർത്തനം നടത്തിക്കൊണ്ടിരുന്നവരെ സുവിശേഷ വിരോധികൾ നടുറോഡിലിട്ട് മർദ്ദിക്കുകയും പട്ടണത്തിൽക്കൂടെ ജാഥയായി കൊണ്ടുപോവുകയും ദേഹത്തുണ്ടായിരുന്ന തുണി വലിച്ചുകീറിക്കളയുകയും ചെയ്തു. തുടർന്ന് അവർ താമസിച്ചിരുന്ന വീട്ടിൽ പോയി ബൈബിളും മറ്റു സുവിശേഷ പ്രതികളും തീയിട്ടു നശിപ്പിക്കുകയും ചെയ്തു. കേരളത്തിൽ നിന്നും ഒറീസയിൽ നിന്നും മിഷണറിമാർ വന്ന് മതപരിവർത്തനം നടത്തുന്നുവെന്ന് ന്യൂസ്പേപ്പറിന്റെ ഒന്നാം പേജിൽത്തന്നെ വാർത്ത കൊടുത്തിരുന്നു. കഴിഞ്ഞ ഒരു വർഷമായി തുടർമാനമായി ഇങ്ങനെയുള്ള പ്രശ്നം ആരംഭിച്ചിട്ട്. ദൈവമക്കൾ പ്രാർത്ഥിക്കുക. K.K. Thankachan (Evg). P.B.No. 13, Bhiwani P.O., Haryana - 12702

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം-3

ജേക്കബ് തോമസ്, മാവേലിക്കര

## III. ക്രിസ്തീയ വിശ്വാസവും ന്യായപ്രമാണവും (1 തിമൊ.1:6-11)

### A. ന്യായപ്രമാണത്തെക്കുറിച്ചുള്ള അറിവില്ലായ്മ (1:6,7)

ന്യായപ്രമാണത്തിന്റെ പ്രാമുഖ്യത്തെക്കുറിച്ച് ശക്തിയുക്തം വാദിക്കുന്ന ചിലരെക്കുറിച്ചാണ് പൗലൊസ് ഈ വാക്യങ്ങളിൽ പറയുന്നത്. അവർ ന്യായപ്രമാണത്തിന്റെ അർത്ഥം മനസ്സിലാക്കാത്തവരാണ് എന്നതിനാൽ അവർ അറിവില്ലാത്ത ഉപദേഷ്ടാക്കന്മാരായിത്തീരുന്നു. ഇന്നും പ്രവൃത്തിയാലുള്ള രക്ഷയ്ക്ക് ഊന്നൽ കൊടുക്കുന്ന അനേകരെ നമുക്ക് ക്രിസ്തീയഗോളത്തിൽ കാണാൻ കഴിയും. അവർ ന്യായപ്രമാണത്തെക്കുറിച്ച് ശരിയായ അറിവില്ലാത്തവരാണ്. എബ്രായലേഖനകാരൻ പറയുന്നത് "ന്യായപ്രമാണം വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ കാര്യങ്ങളുടെ സാക്ഷാൽ സ്വരൂപമല്ല" (എബ്രാ. 10:1) എന്നാണ്. അത് ചുമക്കുവാൻ കഴിയാത്ത നുകമാണ് എന്ന് പത്രൊസ് പറയുന്നു. "ആകയാൽ നമ്മുടെ പിതാക്കന്മാർക്കും നമുക്കും ചുമപ്പാൻ കഴിയാത്ത നുകം ശിഷ്യന്മാരുടെ കഴുത്തിൽവെപ്പാൻ നിങ്ങൾ ഇപ്പോൾ ദൈവത്തെ പരീക്ഷിക്കുന്നതെന്ത്'' (അപ്പൊ. 15:10). അത് മാത്രമല്ല ന്യായപ്രമാണം മുഖാന്തരം ആർക്കും രക്ഷപ്രാപിക്കുവാൻ കഴിയുകയില്ല എന്ന് പൗലൊസും പറയുന്നു "ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും നീതികരിക്കപ്പെടുകയില്ലല്ലോ" (ഗലാ. 2:16). യേശുക്രിസ്തുവിലുള്ള രക്ഷയുടെ പ്രാധാന്യം മനസ്സിലാക്കുന്ന ആർക്കും തന്നെ ന്യായപ്രമാണത്തെ ഉയർത്തി പ്രവൃത്തിയാലുള്ള രക്ഷയ്ക്ക് പ്രാധാന്യം കൊടുക്കുവാൻ കഴിയുകയില്ല.

### B. ന്യായപ്രമാണത്തിന്റെ ലക്ഷ്യം (1:8-10)

ന്യായപ്രമാണം നല്ലതെന്നാണ് പൗലൊസ് പറയുന്നത്. എന്നാൽ അതിന്റെ ശരിയായ ഉദ്ദേശ്യം മനസ്സിലാക്കണം എന്നു മാത്രം. ന്യായപ്രമാണത്തിന്റെ ഉദ്ദേശ്യമെന്താണെന്ന് ബൈബിൾ വ്യക്തമാക്കുന്നു. 1. അത് ദൈവത്തിന്റെ വിശുദ്ധിയെ വെളിപ്പെടുത്തുന്നു. ''ആകയാൽ ന്യായപ്രമാണം വിശുദ്ധം; കല്പന വിശുദ്ധവും ന്യായവും നല്ലതും തന്നെ'' (റോമർ 7:12). ന്യായപ്രമാണത്തിന്റെ വിശുദ്ധിയെക്കുറിച്ചല്ല അവിടെ പ്രതിപാദിക്കുന്നത്; മറിച്ച്, അത് നൽകിയ ദൈവത്തിന്റെ വിശുദ്ധിയെയാണ് അത് കാണിക്കുന്നത്. ദൈവം ന്യായപ്രമാണം നൽകിയപ്പോൾ തന്റെ വിശുദ്ധിയെക്കുറിച്ച് ജനത്തെ ഓർമ്മിപ്പിച്ചു.

2. ന്യായപ്രമാണത്താൽ പാപത്തിന്റെ അറിവ് ജനത്തിന് നൽകി. "അതുകൊണ്ട് ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതികരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രെ വരുന്നത്'' (റോമർ 3:20). ന്യായപ്രമാണം മനുഷ്യന്റെ പാപത്തെ തുറന്നു കാട്ടുന്നു. അവന് ഒരിക്കലും ദൈവസന്നിധിയിൽ തന്റെ പ്രവൃത്തികളാൽ നീതികരിക്കപ്പെടുവാൻ കഴിയുകയില്ല എന്നും ബോധ്യപ്പെടുത്തുന്നു.

3. ന്യായപ്രമാണത്തിന്റെ പ്രധാന ഉദ്ദേശ്യം അത് ഒരു വ്യക്തിയെ ക്രിസ്തുവിങ്കലേയ്ക്ക് നടത്തുന്നു എന്നതാണ്. ''അങ്ങനെ നാം വിശ്വാസത്താൽ നീതികരിക്കപ്പെടേണ്ടതിന് ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേയ്ക്ക് നടത്തുവാൻ നമുക്ക് ശിശുപാലകനായി ഭവിച്ചു" (ഗലാ. 3:24).

ന്യായപ്രമാണത്തെക്കുറിച്ച് ആഴമായ ബോധമുള്ള പൗലൊസ് പറയുന്നത് ന്യായപ്രമാണം അതിൽ തന്നെ നിത്യജീവൻ നൽകില്ല എന്നാണ്. നിത്യജീവൻ നൽകുവാൻ കഴിവുള്ള ഒരു വ്യക്തിയിലേക്ക് അതായത് ക്രിസ്തുവിലേക്ക് നയിക്കുകയാണ് ന്യായപ്രമാണം ചെയ്യുന്നത്. അതുകൊണ്ടാണ് പൗലൊസ് പറയുന്നത് "ന്യായപ്രമാണം നീതിമാനല്ല" വെച്ചിരിക്കുന്നത് (1:8). അതായത്, ഒരു വ്യക്തിയെ നീതിയിലേക്ക് നയിക്കുവാൻ ന്യായപ്രമാണത്തിന് കഴികയില്ല. ഇതിലൂടെ ന്യായപ്രമാണത്തിന്റെ പ്രധാന ഉദ്ദേശ്യങ്ങൾ നമുക്ക് ഗ്രഹിക്കുവാൻ കഴിയും.

### C. ന്യായപ്രമാണവും മഹത്വമുള്ള സുവിശേഷവും (1:11)

ന്യായപ്രമാണവും സുവിശേഷവും തമ്മിലുള്ള ബന്ധം ഏറ്റവും കൂടുതൽ വ്യക്തമാക്കുന്നത് താൻ അവകാശപ്പെടുന്നതുപോലെ തന്നെ പൗലൊസിന്റെ ജീവിതത്തിലൂടെയാണ്. ന്യായപ്രമാണത്തിന് പ്രാമുഖ്യം നൽകി ജീവിച്ച പൗലൊസ് അതിന് ശേഷം സുവിശേഷത്തിനായി ജീവിതം ഉഴിഞ്ഞുവെക്കുവാൻ കാരണം

# 2008 എങ്ങനെ ആയിരിക്കണം?

കെ. കമലം, മല്ലശ്ശേരി

**എ**ല്ലാവരും നവവത്സരാശംസകൾ നേരുന്നു; അന്യോന്യം സന്തോഷം പങ്കിടുന്നു; പുതിയ തീരുമാനങ്ങൾ എടുക്കുന്നു; ജീവിത രീതിയിൽ പല മാറ്റങ്ങൾ വരുത്തുന്നു; പുതിയ ഉണർവ്വിനായി കാത്തിരിക്കുന്നു; കഴിഞ്ഞ കാലങ്ങളിൽ ചെയ്യാത്ത ചില കാര്യങ്ങൾ ചെയ്യുവാൻ ആരംഭിക്കുന്നു. എന്നാൽ മേൽപറഞ്ഞവയിൽ ഭൂരിഭാഗവും ആരംഭശൂരത്വത്തിൽ കലാശിക്കുന്നു. Initial tempo! താൽക്കാലികം മാത്രം. നമ്മുടെ പുതുവർഷം സന്തോഷപ്രദമായിത്തീരുന്നതിന് ഏറ്റവും അവശ്യമായ ചില വസ്തുതകൾ ഓർപ്പിക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

**1. കർത്താവിനെ നാം സ്നേഹിക്കേണം**

നമ്മെ സ്നേഹിക്കുന്നവരെ സ്നേഹിക്കുവാൻ എളുപ്പമാണ്. നമ്മൾ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നു എന്നു പറയുന്നത് വലിയ കാര്യമാണ്. നമ്മെ കരുതുന്നവരോട് നമ്മുടെ വിചാരവികാരങ്ങളെ പങ്കിടുമ്പോൾ അത് ആനന്ദം പ്രദാനം ചെയ്യുന്നു. നമ്മൾ രൂപഗുണമില്ലാത്ത പാപികളായിരുന്നപ്പോൾ നമ്മെ കരുതിയിരുന്ന, ഇപ്പോഴും കരുതുന്ന ഒരാളുണ്ട്, അത് ദൈവം മാത്രമാണ്. യോഹ. 3:16, റോമർ 5:8 എന്നീ വേദഭാഗങ്ങൾ ദൈവം നമ്മെ എത്ര മാത്രം സ്നേഹിച്ചു എന്നത് വ്യക്തമാക്കുന്നു. പാപത്തിൽ നിന്നുള്ള മോചനം യേശുക്രിസ്തു എന്ന രക്ഷകനിൽ കൂടെ മാത്രം. നമ്മെ വീണ്ടെടുക്കുവാൻ അവൻ ക്രൂശിക്കപ്പെട്ടു; മരിച്ചു; അടക്കപ്പെട്ടു; ഉയിർത്തെഴുന്നേറ്റു (എഫെ. 1:7). ഈ വിഷയം നാം മനസ്സിലാക്കുമ്പോൾ നമുക്കു പറയുവാൻ കഴിയും അവൻ ആദ്യം നമ്മെ സ്നേഹിച്ചതു കൊണ്ട് നാം അവനെ സ്നേഹിക്കുന്നു (1 യോഹ. 4:19) എന്ന്. പ്രിയ സഹോദരിമാരേ, നമുക്ക് നമ്മുടെ കർത്താവിനെ സ്നേഹിക്കാം.

**2. കർത്താവിനുവേണ്ടി നാം അദ്ധ്വാനിക്കേണം**

നമ്മുടെ രക്ഷക്കായി നമുക്ക് ഒന്നും ചെയ്‌വാൻ സാദ്ധ്യമല്ല എന്ന് ബൈബിൾ വ്യക്തമാക്കുന്നു. "രക്ഷ" ദൈവത്തിന്റെ ദാനമാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല (എഫെ. 2:8,9). എന്നാൽ രക്ഷിക്കപ്പെട്ട ദൈവമക്കൾക്ക് ദൈവത്തെ പ്രസാദിപ്പിക്കുവാൻ പലതും ചെയ്യുവാൻ കഴിയും (2 കൊരി. 5:15; എഫെ. 2:10). ദൈവത്തിന്റെ കൃപയെക്കുറിച്ച് മറ്റുള്ളവരോട് പറയുവാൻ സഹോദരിമാരായ നമുക്കും ഉത്തരവാദിത്തമുണ്ട്. സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ എന്നുള്ളത് അവിടുത്തെ കല്പനയാണ് (മർക്കൊസ് 16:15). "നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ" ചെയ്യുമ്പോൾ അതും കർത്താവിനായുള്ള അദ്ധ്വാനമായി അവൻ കണക്കിടുന്നു (ഗലാ. 6:10; മത്തായി 25:40).

**3. കർത്താവിന്റെ വരവിനുവേണ്ടി നാം കാത്തിരിക്കേണം**

---

ന്യായപ്രമാണത്തിന്റെ പൂർത്തീകരണം ക്രിസ്തുവിൽ തനിക്ക് ദർശിക്കുവാൻ കഴിഞ്ഞതിനാലാണ്. ക്രിസ്തു തന്നിൽ വിശ്വസിക്കുന്ന വ്യക്തിയെ ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് രക്ഷിക്കുന്നു. "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നതുപോലെ ക്രിസ്തു നമുക്ക് വേണ്ടി ശാപമായിത്തീർന്നു. ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്ക് വാങ്ങി" (ഗലാ. 3:13). ക്രിസ്തുവിന്റെ സുവിശേഷം ന്യായപ്രമാണത്തെക്കാൾ ഏതെല്ലാം നിലയിൽ തേജസ്സുള്ളതാണ് എന്ന് പൗലൊസ് 2 കൊരി. 3:3-18 വരെയുള്ള വാക്യങ്ങളിൽ വ്യക്തമാക്കുന്നു. സുവിശേഷം കല്പലകകളിലല്ല, ഹൃദയമെന്ന മാംസപലകയിലാണ് എഴുതിയിരിക്കുന്നത്, ന്യായപ്രമാണം മനുഷ്യനെ കൊല്ലാനുള്ള ഉപാധിയായിരുന്നുവെങ്കിൽ സുവിശേഷം മനുഷ്യനെ രക്ഷിക്കുന്നു; ന്യായപ്രമാണം നീക്കം വരുന്നതായിരുന്നുവെങ്കിൽ സുവിശേഷം എന്നന്നേക്കം നിലനിൽക്കുന്നതാണ്.

ആയതിനാൽ ന്യായപ്രമാണം നൽകുന്നതിലൂടെ ദൈവം ഉദ്ദേശിച്ച കാര്യങ്ങൾ പൂർത്തീകരണത്തിലേക്ക് എത്തുന്നത് സുവിശേഷത്തിന്റെ കാതലായ യേശുക്രിസ്തുവിന്റെ ക്രൂശ് മരണത്തിലാണ്. ന്യായപ്രമാണത്തിന്റെ ശരിയായ അർത്ഥം മനസ്സിലാക്കുന്ന ഏതൊരു വിശ്വാസിയും ക്രിസ്തുവിന്റെ സുവിശേഷം മഹത്വമുള്ളതാണ് എന്ന് തിരിച്ചറിയും. ഈ പരിജ്ഞാനം പ്രാപിച്ചിരിക്കുന്ന നാം മഹത്വമുള്ള സുവിശേഷത്തിന്റെ സാക്ഷികളായി നിലനിൽക്കുവാൻ ദൈവം സഹായിക്കട്ടെ. **(തുടരും)**

നമ്മൾ ചിലതൊക്കെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ സമയം ദ്രുതഗതിയിൽ മുൻപോട്ടു കുതിക്കുന്നു. നാം എന്തു പ്രതീക്ഷിക്കുന്നു? ക്രിസ്തു വിശ്വാസികൾക്കുള്ള ഭാഗ്യകരമായ പ്രത്യാശ യേശുക്രിസ്തുവിന്റെ പുനരാഗമനമാണ്. കർത്താവ് ഇപ്രകാരം അരുളിച്ചെയ്തു: "ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന് പിന്നെയും വന്ന് നിങ്ങളെ എന്റെ അടുക്കൽ ചേർത്തു കൊള്ളും" (യോഹ. 14:3).

സഹോദരിമാരേ, മേൽപറഞ്ഞ വസ്തുതകൾ നമ്മുടെ ജീവിതത്തിന്റെ ഭാഗമല്ല എങ്കിൽ നമ്മുടെ ജീവിതത്തിന് ഒരു ലക്ഷ്യവും ഇല്ല. എന്നാൽ ഇവ നമ്മുടെ ജീവിതത്തിന്റെ ഭാഗമെങ്കിൽ പുതുവത്സരത്തിന്റെ സന്തോഷം തുടർച്ചയായി ഓരോ ദിവസവും നമുക്ക് അനുഭവിക്കാൻ കഴിയും. അതിനായി ദൈവം സഹോദരിമാരായ ഓരോ വായനക്കാരേയും സഹായിക്കട്ടെ.

## വചനപ്രകാശിനി - വാല്യം V

**ആരാധന : തിരുവചനവെളിച്ചത്തിൽ -** 2007 ഡിസം. 15 നു നടന്ന സമ്മേളനത്തിൽ അവതരിപ്പിച്ച പഠനങ്ങൾ പ്രധാനമായും ഉൾപ്പെടുത്തിയ വചനപ്രകാശിനി വാല്യം V പ്രകാശനം ചെയ്തു. "ആരാധന തിരുവചന വെളിച്ചത്തിൽ" എന്ന വിഷയത്തിന്റെ വചനസത്യങ്ങളുടെ വിശദീകരണമാണ് ഇതിലെ ലേഖനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. ആരാധന തിരുവചന വെളിച്ചത്തിൽ (ഡോ. ഒ.എം. സാമുവേൽ), കർതൃമേശയും ആരാധനയും, ആരാധനയ്ക്കുള്ള തടസ്സങ്ങൾ (ഡോ.കെ.സി. ജോൺസൺ), അർത്ഥവത്തായ ആരാധന (മി. ഡാനിയേൽ എസക്കിയേൽ), വിവിധ ആരാധനകൾ (മി. സജി. എ. ജോൺ). ആരാധന : ചില ചിന്തകളും നിർദ്ദേശങ്ങളും (മി. ചാൾസ് ഈ. വിഗ്ഗ്) എന്നീ പഠനങ്ങളാണ് ഈ പുസ്കത്തിൽ ഉള്ളത്. കർത്താവിനെ ആരാധിക്കേണ്ട നിലയിൽ വചനപ്രകാരം ആരാധിക്കേണ്ടതിന് ഈ പഠനങ്ങൾ ദൈവജനത്തിനു വളരെ പ്രയോജനപ്പെടുന്നതാണ്. ഈ പുസ്തകം 25 രൂപയ്ക്ക് The manager Athmaprakashni, P.O.Bo 10 കുമ്പനാട് 669 547, Ph:0469 2664314(O), 2664925 (R) എന്ന വിലാസത്തിൽ ലഭ്യമാണ്. പോസ്റ്റേജ് Rs.7 (Dr. O.M. Samuel).

### മഹത്വത്തിൽ

**അടൂർ :** ഏറത്ത് ബ്രദറൺ സഭാ ശുശ്രൂഷകനായിരുന്ന ഇടത്തുണ്ടിൽ മത്തായി തരകൻ (93) 20-11-07 ന് താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. 24 ന് അനേകം വിശ്വാസികളുടെയും ബന്ധുക്കളുടെയും സാന്നിദ്ധ്യത്തിൽ ശുശ്രൂഷകൾക്കു ശേഷം പരുത്തിപ്പാറ ബ്രദ്റൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് എൻ.ഡി. ജോയി

**കല്ലിശ്ശേരി :** കല്ലിശ്ശേരി ഈസ്റ്റ് ബ്രദറൺ സഭാമൂപ്പന്മാരിൽ ഒരാളായ മേലേകുന്നിൽ എം.സി. ജെയിംസ് (67) കർത്താവിൽ നിദ്ര പ്രാപിച്ചു. മൃതദേഹം 7-12-07 ന് അനേകം വിശ്വാസികളുടെയും ബന്ധുക്കളുടെയും സാന്നിദ്ധ്യത്തിൽ അനുസ്മരണ ആശ്വാസ സന്ദേശങ്ങൾക്കു ശേഷം ബ്രദറൺ സഭാ വക സെമിത്തേരിയിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടുംകാണാമെന്നുള്ള പ്രത്യാശയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന ഭാര്യ അമ്മിണിയുടെയും മക്കളുടെയും കുടുംബാംഗങ്ങളുടെയും ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. C.A.G.

**കുമ്പനാട് :** മേലത്തേതിൽ പരേതനായ പി.സി.ചാക്കോയുടെ ഭാര്യ മറിയാമ്മ (92). 23-12-07ന് താൻ പ്രിയം വെച്ചിരുന്ന കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ 26-12-07 ന് അനേക ദൈവമക്കളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ ഉയിർപ്പിൻ പൊൻപുലരിയിൽ വീണ്ടും കാണാമെന്നുള്ള പ്രത്യാശയിൽ ശുശ്രൂഷകൾക്കു ശേഷം കുമ്പനാട് ബ്രദറൺ സഭാ വക സെമിത്തേരിയിൽ നടത്തപ്പെട്ടു. പരേത പുല്ലാട് കിടായിത്തറയിൽ കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിച്ചാലും. C.A.G.

## രോഗി- സഹായാഭ്യർത്ഥന

**കുമ്പനാട്:** ബഥനി ബൈബിൾ സ്കൂളിലെ പാചകക്കാരനായി വിശ്വസ്ത സേവനം ചെയ്യുന്ന ഡി. ഇസ്രായേലിന് 2007 ഒക്ടോബറിൽ ഒരു ഹാർട്ട് അറ്റാക്ക് ഉണ്ടായി ചികിത്സയിലായിരുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയുടെ ഫലമായി വിടുതൽ ലഭിച്ചുവെങ്കിലും ഒരു ബൈപാസ് സർജറിയോ ആൻജിയോപ്ലാസ്റ്റിയോ ഉടനെ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. ഈ സഹോദരൻ സാമ്പത്തിക ശേഷി ഒട്ടുമില്ലാത്ത ആളായതിനാൽ ബൈബിൾ സ്കൂൾ കമ്മറ്റിയുടെ തീരുമാനപ്രകാരം സഹവിശ്വാസികളെ ഈ ആവശ്യം അറിയിക്കുകയാണ്. ഏകദേശം 1,50,000 രൂപ ചെലവുണ്ടാകും. ഉദാരമതികളായ കൂട്ടു വിശ്വാസികൾ വ്യക്തികളായും സഭകളായും പ്രാർത്ഥിക്കുകയും സാമ്പത്തിക കൂട്ടായ്മ (സംഭാവന) ''ചികിത്സാ സഹായം'' എന്ന് എഴുതി സെക്രട്ടറി ബഥനി ബൈബിൾസ്കൂൾ പി.ബി.നമ്പർ - 45 കുമ്പനാട് 689 547 ന്റെ പേരിൽ അയയ്ക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബൈബിൾ സ്കൂൾ കമ്മറ്റിക്കുവേണ്ടി, സെക്രട്ടറി.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം. 98 - ചോദ്യം

**വിഷയം : ദൈവമക്കൾക്കുള്ള അവകാശം**

**വായനഭാഗം** : റോമ. 8, 1 കൊരി.3, 2 കൊരി.1, എഫെ.1, കൊലൊ, 1,3, 1 പത്രോ. 1

1. നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത് എങ്ങനെയുള്ള അവകാശത്തിനായിട്ടാണ്? (നമ്മുടെ അവകാശത്തിന്റെ ശ്രേഷ്ഠത എന്ത്?)
2. നാം ആരുടെ അവകാശി? ആരുടെ കൂട്ടവകാശി?
3 (a) സകലവും ആർക്കുള്ളത് (b) നാം ആർക്കുള്ളവർ?
4 നമ്മുടെ അവകാശത്തിന്റെ അച്ചാരമായി നമ്മുടെ ഹൃദയങ്ങളിൽ തന്നിരിക്കുന്നത് എന്ത്? / ആരെ?
5 നമ്മുടെ അവകാശത്തിന്റെ അച്ചാരമായി നമ്മെ മുദ്രയിട്ടിരിക്കുന്നത് ഏതിനാൽ? (ആരാൽ?)
6. വിശുദ്ധന്മാർക്ക് വെളിച്ചത്തിലുള്ള അവകാശത്തിനായി നമ്മെ പ്രാപ്തരാക്കി, തന്റെ സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിൽ ആക്കിവെച്ചത് ആര്? അവന് നാം എന്തുചെയ്യണം?
7. അവകാശം എന്ന പ്രതിഫലം കർത്താവു തരുമെന്നറിഞ്ഞ് നാം ഇപ്പോൾ എന്തു ചെയ്യണം?

ആധാരമായ വേദവാക്യനമ്പർ ആദ്യം കുറിച്ച് പൂർണ്ണവാചകത്തിൽ ഉത്തരം എഴുതണം. ധ്യാനവിഷയത്തോട് ബന്ധപ്പെട്ട ഒത്തുവാക്യം ഉണ്ടെങ്കിൽ കുറിച്ചാൽ ആശയം കൂടെ എഴുതിയേ മതിയാകൂ. 22-2-2008 വരെ കിട്ടുന്ന ഉത്തരത്തിന്റെ മാർക്ക് മാസികയിൽ ചേർക്കാം. 12-3-2008 വരെ ലഭിക്കുന്ന ഉത്തരം സമ്മാനത്തിനു പരിഗണിക്കാം.

**വിലാസം : ബൈബിൾ പ്രശ്നാവലി, C/o ആത്മപ്രകാശിനി, കുമ്പനാട് പി.ഒ. - 689547.**

പ്രത്യേക ശ്രദ്ധയ്ക്ക് - മതിയായ ശരീരസൗഖ്യം ലഭിച്ച് ഈ ശുശ്രൂഷ മുടക്കം കൂടാതെ ഫലകരമായി തുടരുവാൻ ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥന അത്യന്താപേക്ഷിതമായിരിക്കുന്നു.

# ബൈബിൾ പ്രശ്നാവലി നം. 96 - ഉത്തരം തുടർച്ച

## വിശുദ്ധന്മാരുടെ നിത്യവാസസ്ഥലം (പുതിയ യെരുശലേം)

**(മഹാകവി കെ.വി. സൈമൺ അവർകൾ തൊണ്ണൂറു വർഷം മുമ്പു പാടിയ ഗാനം)**

പുത്തൻ യെരുശലേമേ!- ദിവ്യ ഭക്തർ തന്നാലയമേ! - തവ നിഴലിൽ
പാർത്തിടുവാനടിയൻ അനുദിനവും കാംക്ഷിച്ചു പാർത്തിടുന്നേ

നിർമ്മലമാം സുകൃതം തൻ പൊന്നൊളിയാർന്നമരുമിടം
കാംക്ഷിച്ചു പാർത്തിടുന്നേ - പുരമിതിനെ കാംക്ഷിച്ചു പാർത്തിടുന്നേ

നിന്നടിസ്ഥാനങ്ങളോ - പ്രഭ ചിന്തുന്ന രത്നങ്ങളാം - ശബളനിറം
വിണ്ണിന്നു നൽകിടുന്നു - നയനസുഖം കാണ്മവർക്കേകിടുന്നു - നിർമ്മ

പന്ത്രണ്ടു ഗോപുരങ്ങൾ - മുത്തു പന്ത്രണ്ടുകൊണ്ടു തന്നെ - മുദമരുളും
തങ്കമേ വീഥി പാർത്താൽ-സ്ഫടിക സമം തങ്കുവോർക്കാനന്ദമേ - നിർമ്മ

വേണ്ടാ വിളക്കവിടെ - സൂര്യ ചന്ദ്രരോ വേണ്ടൊട്ടുമേ പരമസുതൻ
തന്നെയതിൻ വിളക്കു - പരവെളിയാൽ ശോഭിച്ചിടുന്നിപ്പുരം - നിർമ്മ

അന്ധതയില്ലാ നാടേ-ദൈവതേജസ്സു തിങ്ങും വീടേ - തവ സവിധേ
വേഗത്തിൽ വന്നൂ ചേരാൻ മമ ഹൃദയം ആശിച്ചു കാത്തിടുന്നേ- നിർമ്മ

സൗഖ്യമാണെന്നും നിന്നിൽ - ബഹു ദുഃഖമാണല്ലോ മന്നിൽ - ഒരു പൊഴുതും
മൃത്യുവില്ലങ്ങു വന്നാൽ - കരുണയെഴും ക്രിസ്തുവിൻ നന്മ തന്നാൽ - നിർമ്മ

പൊന്നെരുശലേമമ്മേ! - നിന്നെ സ്നേഹിക്കും മക്കൾ തമ്മെ - തിരുമടിയിൽ
ചേർത്തുകൊണ്ടാലും ചെമ്മേ - നിജതനയർക്കാലംബമായൊരമ്മേ! നിർമ്മ

---

ശബളനിറം = വിവിധനിറം; നയനം = കണ്ണ്; തങ്കുവോർ = താമസിക്കുന്നവർ; പരവെളിയാൽ = ദൈവതേജസ്സാൽ; ഒരു പൊഴുതും = ഒരു സമയവും; തമ്മെ = അവരെ; ചെമ്മെ = ഭംഗിയായി; ആലംബം = ആശ്രയം.

# വിശ്വസ്തത

യോഹന്നാൻ ഏബ്രഹാം,തിരുവനന്തപുരം

**വി**ശ്വാസത്തിന്റെ പ്രതീകരണമാണ് വിശ്വസ്തത. മനുഷ്യരിൽ വിശിഷ്യാ ദൈവവിശ്വാസികളിൽ അനിവാര്യമായ ഒരു സദ്ഗുണമാണിത്. എന്നാൽ ഇന്ന് ജീവിതശൈലിയിൽ അവഗണിക്കപ്പെടുന്ന ഒരു നിസ്സാര കാര്യമായി കാണുന്നു. അനുഭവത്തിന്റെ താളുകൾ മറിച്ചാൽ പലരിലും വിശ്വസ്തത കൈമോശം വന്നിരിക്കുന്നതായികാണാം. എന്നാൽ നമ്മെ വിളിച്ച ദൈവം വിശ്വസ്തനാണ് (1 തെസ്സ. 5:24). ദൈവം വിശ്വസ്തനാണെങ്കിൽ ദൈവമക്കളും വിശ്വസ്തരായിരിക്കണം. ദൈവത്തെ വിശ്വസിക്കാത്തവർക്ക് വിശ്വസ്തതയുടെ മൂല്യം എന്തെന്നറിയില്ല. കാണാതെ വിശ്വസിക്കുന്നവരാണ് ഭാഗ്യവാന്മാർ. നമ്മെ വിളിച്ചിരിക്കുന്നത് സ്വർഗ്ഗീയമായ പരമവിളിയാണ് (എബ്രാ. 3:1). വിശ്വസ്തനായ ദൈവം താൻ നൽകിയിരിക്കുന്ന വാഗ്ദത്തങ്ങൾ നിവർത്തിക്കുന്നവനാണ്. ദൈവനീതി സ്വർഗ്ഗത്തിൽ നിന്ന് നോക്കുമ്പോൾ വിശ്വസ്തത ഭൂമിയിൽ നിന്നും മുളച്ചു വരേണ്ടതാണ്. അർത്ഥാൽ ദൈവത്തിന്റെ നീതി നമ്മുടെ വിശ്വസ്തതയിൽ അധേയപ്പെട്ടിരിക്കുന്നു (സങ്കീ.85 :11). മനുഷ്യപുത്രന്മാരിൽ അന്ത്യകാലത്ത് വിശ്വസ്തന്മാർ കുറഞ്ഞു വരുന്നതായി ദൈവവചനം വ്യക്തമാക്കുന്നു. പിശാചിന്റെ വ്യാപാരശക്തി ഭോഷ്കിന്റെ വളർച്ചയ്ക്ക് കാരണമാകുന്നു. വിശ്വസ്തതയുടെ എതിരായ അവിശ്വസ്തത സാത്താന്യമാണ്. ദൈവത്തിൽ അണുലേശം ഇല്ലാത്തതാണ് അവിശ്വസ്തത. നാം ദൈവമക്കൾ എന്ന് അവകാശപ്പെടുന്നു എങ്കിൽ ഈ ദിവ്യസ്വഭാവത്തിന് നാം കൂട്ടാളികളായിരിക്കേണ്ടതാണ്.

മോശെ എന്ന ദൈവപുരുഷൻ ലോകം കണ്ട നേതാക്കളിൽ അതിശക്തനായിരുന്നു. തന്റെ നേതൃത്വഗുണം വെളിപ്പെട്ടത് ദൈവംതന്നെ സാക്ഷിക്കുന്നത് മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നു (സംഖ്യാ. 12:7) എന്ന വാക്കുകളിലാണ്. തന്റെ ശക്തിയുടെ രഹസ്യം എല്ലാവരിലും അതി സൗമ്യനായിരുന്നതാണ്. ഈ സാക്ഷ്യം ദൈവം നമ്മെക്കുറിച്ച് പറയുമോ എന്ന് സ്വയം ചിന്തിക്കാം. നാം ദൈവസഭയിൽ നിയോഗിക്കപ്പെട്ട ഗൃഹവിചാരകന്മാരാണ്. ഗൃഹവിചാരകന്മാരിൽ ഉണ്ടായിരിക്കേണ്ടത് വിശ്വസ്തതയാണ്. യോസേഫ് പൊത്തിഫേറിന്റെ ഗൃഹവിചാരകനായിരുന്നു (1. കൊരി. 4:1–2). പൊത്തിഫേർ കഴിക്കുന്ന ഭക്ഷണം ഒഴികെ വീട്ടിലെ സകലത്തിനും യോസേഫിനെ അധികാരിയായി വെച്ചത് തന്നിലുള്ള വിശ്വസ്തത മൂലമാണ് (ഉല്പത്തി. 39:4). അബ്രാഹം, ശമുവേൽ, ദാവീദ്, ദാനിയേൽ, പൗലൊസ്, തിമോഥെയൊസ് തുടങ്ങിയ ദൈവദാസന്മാരിൽ ഈ നിസ്തുലമായ വിശ്വസ്തത വെളിപ്പെട്ടിരുന്നു. ദൈവത്തിലുള്ള അടിയുറച്ച വിശ്വാസമാണ് അതിന്റെ പ്രതിഫലനമായ വിശ്വസ്തത വെച്ചു പുലർത്തുവാൻ കഴിയുന്നത് (1 കൊരി. 4:1-2). വിശ്വാസത്താൽ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ നീതിയെ പ്രാപിച്ചവർ തങ്ങളുടെ ഭൗതീക ജീവിതത്തിൽ വിശ്വസ്തരായിരിക്കണം.

ഇന്നത്തെ വിശ്വാസികളിലും ദൈവസഭയിലും ദൈവഭക്തിക്ക് മൂല്യച്യുതി ഭവിച്ചിരിക്കുന്നതിനു കാരണം നമ്മുടെ വിശ്വാസത്തിന്റെയും പ്രായോഗികമായ വിശ്വസ്തതയുടെയും കുറവാണ്. വെളിപാടുപുസ്തകത്തിലെ 7 സഭകൾക്കുള്ള ദൂത് 7 സ്ഥലം സഭകൾക്കാണ്. എന്നാൽ കൃപായുഗത്തിലെ സഭകളുടെ അവസ്ഥയെ പ്രവചനീകമായി വെളിപ്പെടുത്തുക കൂടിയാണ്. ഇതിൽ ഏഴാമത്തെ ലവോദിക്യ സഭയ്ക്ക് ദൂത് നൽകിയിരിക്കുന്നത് വിശ്വസ്തനും സത്യവാനുമായ സാക്ഷിയായി ദൈവസൃഷ്ടിയുടെ ആരംഭമായ ആമ്മേൻ ആണ്. അവിടെയുള്ള വിശ്വാസികൾ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാണ് എന്നു പറഞ്ഞാൽ അത്ര കണ്ടനുമല്ല, അത്ര ചക്കിയുമല്ല. അവിശ്വാസിയാണോ അല്ല, വിശ്വാസിയാണോ അല്ല. സഭതന്നെത്തന്നെ കാണുന്നത് ഞാൻ ധനവാൻ സമ്പന്നനായിരിക്കുന്നു; എനിക്ക് ഒന്നിനും മുട്ടില്ല. എന്നാൽ വിശ്വസ്തസാക്ഷി കാണുന്നത് നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കുരുടനും നഗ്നനുമാണ് എന്നാണ്. ദൈവസഭയുടെ വിശ്വസ്തതയുടെ സാക്ഷ്യം നഷ്ടപ്പെട്ടിരിക്കുന്നു. അതിനാൽ സഭയുടെ കേന്ദ്ര സ്ഥാനത്ത് വസിക്കേണ്ട കർത്താവ് പുറത്താണ്. അകത്ത് സ്തോത്രവും ഹല്ലേലുയ്യയും ഗീതങ്ങളും ഉണ്ട്. പക്ഷേ അകത്തുണ്ടായിരിക്കേണ്ട സഭാനാഥൻ ഇല്ല. അവൻ വാതിൽക്കൽ നിന്ന് മുട്ടുകയാണ്. തള്ളി വാതിൽ തുറക്കുന്നവനല്ല കർത്താവ്. ആരെങ്കിലും തന്റെ ശബ്ദം കേട്ട് വാതിൽ തുറന്നു തരണം. അകത്തെ ശബ്ദകോലാഹലത്തിൽ ഈ മുട്ട് ആരും കേൾക്കുന്നില്ല. ഈ മൃദുസ്വരം കേൾക്കുവാൻ ചിലർക്കെങ്കിലും ഇടയാകട്ടെ. വാതിൽ തുറന്ന് രക്ഷയുടെ സന്തോഷത്തിലേക്കും കൂട്ടായ്മയുടെ മാധുര്യത്തിലേക്കും മടങ്ങി വരാം. നീതിയുടെ പ്രതിഫലനം ദൈവത്തിന്റെ ദയയാണ്. വിശ്വാസത്തിന്റെ പ്രതിഫലനം വിശ്വസ്തതയാണ്. ദൈവമക്കളേ, നാം ഈ വിശ്വസ്ത സാക്ഷിയുടെ സാക്ഷികളാണ്. വിശ്വാസത്തിന്റെ നായകനായ കർത്താവായ യേശുക്രിസ്തുവിന്റെ പുനരാഗമനത്തിനായി പ്രത്യാശയിൽ സ്ഥിരതയുള്ളവരായി വിശ്വസ്ത സാക്ഷികളായി അവനെ എതിരേൽക്കാൻ ജാഗരൂഗരായിത്തീരാം.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ഇടുക്കി** : വൈ.എം.ഇ.എഫ്. ഹൈറേഞ്ച് ഡിവിഷന്റെ ചുമതലയിൽ നമ്മുടേതായ പ്രവർത്തനങ്ങൾ ഇല്ലാത്ത കുടിയേറ്റ പ്രദേശങ്ങളായ തിങ്കൾക്കാട്, മുനിയറ, പണിക്കൻകുടി, പാറത്തോട്, കമ്പളിക്കണ്ടം, പെരിഞ്ചാംകുട്ടി, കൊമ്പൊടിഞ്ഞാൽ, മുള്ളരികുടി എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് തുടർച്ചയായി 30 ദിവസത്തേക്ക് ഫിബയുടെ സഹകരണത്തോടെ സുവിശേഷ ക്യാമ്പ് 12-11-07 ന് ആരംഭിച്ചു. ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ബൈബിൾക്ലാസ്സ്, ഫിലിം പ്രദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നുവരുന്നു. സഭാകൂടിവരവ് ലക്ഷ്യമിട്ട് നടത്തിവരുന്ന ഈ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. Y.M.E.F. (H.D) P.B.No. 2, Kallar P.O, Idukki - 685552 എന്ന് വി.എം. പോൾ, ലാലു വി. ഏബ്രഹാം, കെ.കെ. സന്തോഷ്കുമാർ.

**സമഖ്യാലി (ഗുജറാത്ത്)** : ഒരു തെലുങ്കുകുടുംബ മുൾപ്പെടെ പുതിയ ചില കുടുംബങ്ങൾ ഇപ്പോൾ ക്രമമായി കടന്നുവരുന്നു. ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി ഒരു വാഹനം ആവശ്യമായിരിക്കുന്നു. സണ്ടേസ്കൂൾ, ബൈബിൾക്ലാസ്സ്, പ്രാർത്ഥനായോഗം ഇവ തുടർച്ചയായി നടക്കുന്നു. പി.ജി.തോമസ് ദുർഗ് ചില ദിവസങ്ങൾ ഇവിടെ ഉണ്ടായിരുന്നത് സഭയ്ക്ക് വളരെ അനുഗ്രഹമായിരുന്നു. ഞങ്ങളെയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കേണമേ. എന്ന് V.P. Mathew, Post Box. No. 4.,Samakhiali 370150, Kutch, Gujarat.

**നെയ്യാറ്റിൻകര** : കരിക്കറത്തല ബെഥേൽ ബ്രദറൺ സഭയുടെയും കുന്നയ്ക്കാൽ എബനേസർ ഗോസ്പൽ മിനിസ്ട്രീസിന്റെയും സഹകരണത്തിൽ 26-11-07 -2-12-07 വരെ വെള്ളറട, കിളിയൂർ, മണ്ണാംകോണം, പാലിയോട്, കുന്നത്തുകാൽ, മുള്ളിലവുവിള, അഞ്ചുമരംകാല, തുടങ്ങിയ പല സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തുവാൻ സാധിച്ചു. ബൈബിൾക്ലാസ്സുകളും രാത്രിയോഗങ്ങളും നടത്തപ്പെട്ടു. ഡോ. വർഗ്ഗീസ് ജോൺ, ഡോ. കെ.സി. ജോൺസൺ, ഡോ.ജോൺ ഏബ്രഹാം, യോഹന്നാൻ ഏബ്രഹാം, കെ.ജെ.ജോർജ്, എം.വി. വർക്കി മുതലായ ദൈവദാസന്മാരും ചുറ്റുപാടുമുള്ള സ്ഥലം സഭകളിലെ സുവിശേഷകന്മാരും ശുശ്രൂഷകളിൽ സംബന്ധിച്ചു. ബാബു ഓടനാവട്ടം ഗാനശുശ്രൂഷ നിർവ്വഹിച്ചു. ഈ ശുശ്രൂഷകളിൽ ഫലം ഉളവാകുവാൻ ദൈവജനം പ്രാർത്ഥിച്ചാലും. എന്ന് ജി. മുരളീധരൻ നായർ, കെ.ജെ. ജോർജ്ജ്.

**കോരുത്തോട്** : കഴിഞ്ഞ ചില നാളുകളായി കോരുത്തോട്, കുഴിമാവ് എന്നീ സ്ഥലങ്ങളിൽ നടത്തിയ സുവിശേഷ പ്രവർത്തനങ്ങളുടെ ഫലമായി 2007 നവം.11 ന് ഞായറാഴ്ച രാവിലെ കോരുത്തോട്ടിൽ സുവി. ഇ.എസ്. ജോണിന്റെ ഭവനത്തിൽവെച്ച് മുണ്ടക്കയം സഭയുടെ സഹകരണത്തിൽ പുതിയ സഭാകൂടിവരവ് ആരംഭിക്കുവാൻ ദൈവം സഹായിച്ചു. തുടർന്നും ഈ സ്ഥലം സഭയെയും ഇവിടുള്ള പ്രവർത്തനങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ. എന്ന് സഭയ്ക്കുവേി ഇ.എസ്. ജോൺ (സുവി.). വിലാസം Brethren Assembly Koruthodu,C/o E.S. John Evg., Elavanakuzhiyil, Koruthodu P.O., Mundakkayam.

**സാംഗനേയർ (ജയ്പൂർ)** : രാജസ്ഥാൻ ബ്രദറൺ സഭകളുടെ യൂത്ത് ക്യാമ്പ് ഒക്ടോ. 18-21 വരെ ജയ്പൂർ സാംഗനേയർ ബ്രദ്റൺ സഭയിൽവെച്ച് നടന്നു. ശുശ്രൂഷകൾക്കായി ഡോ. കെ.സി. ജോൺസൺ, ഏബ്രഹാം തോമസ്, തോമസ് Kapp, ജോൺസൺ, ബേബി, റ്റി.ജെ.ജോസഫ് എന്നിവരുണ്ടായിരുന്നു. ഈ സഭയേയും പ്രവർത്തനങ്ങളേയും പ്രാർത്ഥനയിൽ ഓർക്കുക. എന്ന് സഭയ്ക്കു വേണ്ടി ജോയി കെ.എസ്. (സുവി.)

**തടിയൂർ** : മിഷനറി നോയലിനാൽ സ്ഥാപിതമായ ശബരിമാങ്കൽ ബ്രദ്റൺ സഭ 105 വർഷം പിന്നിടുന്നു. 50 കുടുംബങ്ങൾ കർത്താവിനെ ആരാധിച്ചുവരുന്നു. കെ.എസ്. ജോയി (രാജസ്ഥാൻ), ഷാജി ചീങ്കയിൽ (ചേലക്കൊമ്പ്) എന്നിവർ ഈ സഭയിൽനിന്നും സുവിശേഷകരായി പ്രവർത്തിക്കുന്നു. വിദ്വാൻ സി.ജെ. ചാക്കോ സഭാശുശ്രൂഷകനായി തുടരുന്നു. ദൈവമക്കളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. സഭയ്ക്കുവേണ്ടി വിദ്വാൻ സി.ജെ. ചാക്കോ, സി.ജെ. ജോർജ്ജ്, കെ.എ. ജോൺ, കെ.എസ്. ദാനിയേൽ.

**ശബരിമാങ്കൽ** : സോദരീസമാജം ശബരിമാങ്കൽ സെന്റർ പ്രവർത്തനങ്ങൾക്കായി 18-11-07ന് ശബരിമാങ്കൽ എൻ.എം.എൽ.പി.സ്കൂളിൽ കൂടിയ യോഗത്തിൽ 16 സ്ഥലംസഭകളിൽ നിന്നായി കടന്നുവന്ന സഹോദരിമാരിൽ നിന്നും അടുത്ത 2 വർഷത്തേക്കുള്ള പ്രവർത്തകസമിതിയെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ആലീസ് തോമസ് (തെള്ളിയൂർ), വൈസ് പ്രസിഡന്റ് അന്നമ്മ തങ്കച്ചൻ (കോട്ടൂർ), സെക്രട്ടറി മേരി ജോൺ റ്റി. (എരുമേലി-പൊര്യൻമല), ജോയിന്റ് സെക്രട്ടറി തങ്കമ്മ ബേബി (കുംഭംകുളം), ട്രഷറാർ തങ്കമ്മ ജോബ് (മുരണി), ജോയിന്റ് ട്രഷറാർ അന്നമ്മ കുഞ്ഞൂഞ്ഞ് (മുക്കട). കൂടാതെ ഓരോ സ്ഥലം സഭയിൽ നിന്നും 2 പേരെ വീതം കമ്മറ്റി അംഗമായും തിരഞ്ഞെടുത്തു. സോദരീ സമാജത്തിന്റെ അടുത്ത മീറ്റിംഗ് 2008 ഫെബ്രു.യിൽ കോട്ടൂർ സഭയിൽവെച്ച് നടത്തുന്നതിനും തീരുമാനിച്ചു. അനുഗ്രഹകരമായി പ്രവർത്തനം തുടരുവാൻ എല്ലാ സ്ഥലംസഭകളുടെയും ദൈവജനത്തിന്റെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു. മേരി ജോൺ റ്റി., സെക്രട്ടറി, സോദരീ സമാജം, തേക്കുങ്കൽ ഹൗസ്, കനകപ്പലം പി.ഒ., എരുമേലി. എസ്.പി.എസ്.എഫ്. കമ്മറ്റിക്കു വേണ്ടി, സി.പി. അനിയൻ (സെക്രട്ടറി), ഈട്ടിക്കൽ കുഞ്ഞുമോൻ (അസി. സെക്രട്ടറി)

**മുക്കട** : ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ബെഥേസ്ദാ ബൈബിൾ സ്റ്റഡി സെന്ററിന്റെ ചുമതലയിൽ 21-11-07 നു ഏകദിനസുവിശേഷ പ്രവർത്തനം മോതിരവയൽ ബ്രദറൺ സഭയിൽവെച്ച് നടന്നു. ഭവനസന്ദർശനവും സുവിശേഷയോഗവും നടന്നു.

അനേകർ തീരുമാനങ്ങൾ എടുത്തു. പി.ഡി.തോമസ്, വി.ഡി. ജയിക്കബ്, കെ.ആർ. കുഞ്ഞുഞ്ഞ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ദൈവജനം പ്രാർത്ഥിക്കേണമെ. സുവി. കെ.ആർ. കുഞ്ഞൂഞ്ഞ്.

**വൈ.എം. ഇ. എഫ് ഹൈറേഞ്ച് ഡിവിഷൻ** : തിങ്കൾക്കാട്, മുനിയറ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് സഭാസ്ഥാപനം ലക്ഷ്യമിട്ട് ഒരുമാസത്തെ സുവിശേഷക്യാമ്പ് FIFA യുടെ സഹകരണത്തോടെ 2007 നവം. 12 മുതൽ നടത്തുവാൻ ഇടയായി. ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, രാത്രിയോഗങ്ങൾ, ബൈബിൾ ക്ലാസ്സ് എന്നീ പ്രവർത്തനങ്ങൾ ഉണ്ടായിരുന്നു. സഭാകൂടിവരവ് ആരംഭിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ (കുത്തുങ്കൽ, പശുപ്പാറ, എഴുകുംവയൽ) അനുധാവന പ്രവർത്തനങ്ങൾ നടക്കുന്നു. പി.എം.ബേബി, സജീവൻ, രാജൻ മാത്യു, ജോബിൻ ഈ സ്ഥലങ്ങളിൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നു. പ്രസിഡന്റ് വി.എം. പോൾ, സെക്രട്ടറി ലാലു വി.ഏബ്രഹാം, ട്രഷറർ കെ.കെ. സന്തോഷ്കുമാർ.

## കൺവൻഷൻ/ ക്യാമ്പ്

### ബഥനി ബൈബിൾ സ്കൂൾ

**കുമ്പനാട്** : മുൻവർഷങ്ങളിലെപ്പോലെ ഈ വർഷവും ബഥനി ബൈബിൾ സ്കൂളിന്റെ ചുമതലയിലും ബ്രദറൺ അസംബ്ലി മണലയ (തിരുവനന്തപുര)ത്തിന്റെ സഹകരണത്തിലും 2008 ഫെബ്രു. 4 തിങ്കൾ മുതൽ 9 ശനി വരെ ബൈബിൾ സ്കൂൾ 59-ാമത് ബാച്ചിന്റെ ക്യാമ്പ് മണലയത്തും തേക്കുംമൂടിലും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. എല്ലാദിവസവും സുവിശേഷ യോഗങ്ങൾ, ഭവന സന്ദർശനങ്ങൾ, പരസ്യയോഗങ്ങൾ എന്നീ പരിപാടികൾ ഉണ്ടായിരിക്കുന്നതാണ്. പ്രസംഗകർ : വർഗീസ് കെ.കുര്യൻ, സണ്ണി തോമസ്,.ഡോ. കെ.സി. ജോൺസൺ എന്നിവരെ കൂടാതെ ബൈബിൾസ്കൂൾ അദ്ധ്യാപകരും വിദ്യാർത്ഥികളും സ്ഥലത്ത് ക്യാമ്പ് ചെയ്ത് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നതായിരിക്കും. അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമേ എന്ന് സെക്രട്ടറി.

### സുവിശേഷ പ്രഭാഷണവും സംഗീത ശുശ്രൂഷയും

**സ്ഥലം** : വെളിയനാട് (ഇരുപതിൽ പറമ്പ്)
**സമയം** : 2008 ജനു. 27,28,29 - 6.30 p.m -9.00 p.m
**പ്രസംഗകർ** : വർഗീസ് കുര്യൻ, ചാണ്ടപ്പിള്ള ഫിലിപ്പ്
**ഗാനശുശ്രൂഷ** : സ്പിരിചൽ സിംഗേഴ്സ്, ചങ്ങനാശ്ശേരി
ഏവരേയും സ്നേഹപൂർവ്വം ക്ഷണിച്ചു കൊള്ളുന്നു. എന്ന് സജി ജോസഫ്, തോമസ് മാത്യു

### യുവജന സമ്മേളനം

തൃശൂരിലുള്ള യുവതീയുവാക്കൾക്കായി ഒരു ഏകദിന സമ്മേളനം 20008 ജനു. 26 ന് നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ ഏകദിന സമ്മേളനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും യുവജനങ്ങളെ പ്രോത്സാഹിപ്പിച്ചയയ്ക്കാനും താല്പര്യപ്പെടുന്നു. എന്ന് ജോഷി ജോൺ സി, ടിമ്മി ആഡംസ്.

### സുവിശേഷ പരിശീലന ക്യാമ്പ്

**ബഥനി ഗുരുകുലം പാമ്പാടി** :2008 ജനു. 7-12 വരെ
**പഠന വിഷയങ്ങൾ**

1. സുവിശേഷകൻ - സുവിശേഷകനും നിയോഗവും - അവതരണം ചാണ്ടപ്പിള്ള ഫിലിപ്പ്
2. സുവിശേഷീകരണം - അവതരണം - വർഗീസ് കുര്യൻ
3. ദൈവസഭ - അവതരണം - സാം സക്കറിയ
4. ശിഷ്യത്വം - അവതരണം - സി.റ്റി. ജോണിക്കുട്ടി
5. പരിശീലന ക്ലാസ്സുകൾ - അവതരണം - കെ.സി.മാത്യു

25 വേദാദ്ധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ക്ലാസ്സുകളുടെ പ്രിന്റഡ് നോട്ട് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് കെ.സി മാത്യു, പി.ബി. നമ്പർ 8, പാമ്പാടി പി.ഒ. കേരളാ - 686502 ഫോൺ 0481 - 3207241.

**ചേലക്കോട്ടുകര** : തൃശൂർ ചേലക്കോട്ടുകര ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ "ദിവ്യപ്രകാശം - 2008" എന്ന പേരിൽ 2008 ജനു. 10-13 വരെ സുവിശേഷയോഗങ്ങൾ ചേലക്കോട്ടുകര സെന്ററിനു സമീപം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. **പ്രസംഗകർ** : വർഗീസ് കുര്യൻ, ജോർജ് ചാക്കോ എന്ന് പി.സി. ജോർജ്, എം.സി. ജോർജ്, സി.ജെ.മത്തായി

**രാജ്നാന്ദഗാവ്** : 68-ാമത് ജി.പി.സി. 2008 ഫെബ്രു. 5-8 വരെ സോമ്നി (രാജ്നാന്ദഗാവ്) യിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. മദ്ധ്യപ്രദേശത്തും ഛത്തീസ്ഗഡിലും ഉള്ള സുവിശേഷകൻമാർ ഒന്നിച്ചു പ്രവർത്തിക്കുന്നു. പ്രാർത്ഥിക്കുക, സഹകരിക്കുക. എന്ന് Harbhushan-Ravna. Treasurer N.Soloman. Prarthana-Bhavan, Near Petrol Pump, BACHELI -494553. Dist: Dantewada, Chattisgarh, Mob : 09425594508

**പള്ളിക്കുത്ത്** : പള്ളിക്കുന്ന് ബ്രദറൺ സഭയുടെയും പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ പള്ളിക്കുത്ത് ബ്രദറൺ സഭാഗ്രൗണ്ടിൽ 2008 ജനു. 28 തിങ്കൾ -30 ബുധൻ വരെ സുവിശേഷയോഗങ്ങൾ നടത്തപ്പെടുന്നതായിരിക്കും. കെ. ബിജു (ആലടി), ബിനു സാമുവൽ (ചാന്തുകാവ്). ജേക്കബ് തോമസ് (മാവേലിക്കര), ജെയിംസ് അനൽ (രാജസ്ഥാൻ), ജോബിൻ ജോൺ മാത്യു (അജ്മാൻ), ജോബി ജെയിംസ് (പമ്പാവാലി) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. എല്ലായോഗങ്ങളിലും ബി.ബി.ഐ. മ്യൂസിക്സിന്റെ ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. (എൽ.എം. ജോൺ, എം.റ്റി. ജോർജ്ജ്)

**വണ്ടൂർ** : പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സുവി. കെ.പി. മത്തായിയുടെ പുതിയ പ്രവർത്തന സ്ഥലമായ വണ്ടൂരിൽ വണ്ടൂർ പോലീസ് സ്റ്റേഷന് മുൻവശത്തുള്ള ലൂഥർ മിഷ്യൻ ക്രൈസ്റ്റ് ഭവൻ കോമ്പൗണ്ടിൽ 2008 ജനു. 31 വ്യാഴം - ഫെബ്രു. 2 ശനി വരെ സുവിശേഷയോഗങ്ങൾ നടത്തപ്പെടുന്നതായിരിക്കും. ഡോ. ഒ.എം. സാമുവേൽ (മാവേലിക്കര), ഡോ. കെ.സി. ജോൺസൺ (മാവേലിക്കര), സജി എ. ജോൺ (മല്ലശ്ശേരി), കെ. ജോർജ് (മൂന്നാർ), ജോമോൻ കെ. ജോസഫ് (വെച്ചൂച്ചിറ), കൈസർ കുന്ദൻ പ്രഭാത് (ബീഹാർ) എന്നിവർ ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. എല്ലാ യോഗങ്ങളിലും ബി.ബി.ഐ. മ്യൂസിക്സിന്റെ ഗാനശുശ്രൂഷ ഉണ്ടായിരിക്കുന്നതാണ്. (കെ.പി.മത്തായി, എം.റ്റി. ജോർജ്ജ്)

**എടക്കര ക്രൂസേഡ്** : എടക്കര ക്രൂസേഡ് 2008 ജനു. 10- 13 വരെ എടക്കര ജംഗ്ഷന് സമീപം തയ്യാറാക്കുന്ന പന്തലിൽ വെച്ച് നടത്തപ്പെടുന്നതാണ്. പ്രസംഗകർ ജോൺ പി. തോമസ്, ജയിംസ് പി.ജി. ഗാനശുശ്രൂഷ ഡിവൈൻ ട്രംബറ്റ് കാഞ്ഞിരപ്പള്ളി. പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. സഭയ്ക്കു വേണ്ടി എ.റ്റി. മാത്യു, ജേക്കബ് കെ. മാത്യു.

**സുവിശേഷ മഹായോഗം**
**സ്ഥലം :** അമ്മാനൂർക്കോണം ബ്രദറൺ സഭയ്ക്കു സമീപം തയ്യാറാക്കുന്ന ഗ്രൗണ്ടിൽ
**തീയതി :** 2008 ഫെബ്രു. 22,23,24
**പ്രസംഗകർ :** ചാണ്ടപ്പിള്ള ഫിലിപ്പ്
**ഗാനശുശ്രൂഷ :** ഗ്രേസ് മെലഡീസ്
സഭയ്ക്കു വേണ്ടി ഡി. റോബിൻസൺ, സി. സത്യദാസ്, കെ.പ്രഭാകരൻ

**മണർകാട് കൺവൻഷൻ**
**സ്ഥലം :** തോട്ടിയിൽ മൈതാനം, മണർകാട്
**സമയം :** 2008 ജനു. 24-27 വരെ
**പ്രസംഗകർ :** പി.വി. ബഞ്ചമിൻ, തോമസ്കുട്ടി കുരുവിള, പി.സി.വർഗീസ്, പി.എസ്. തമ്പാൻ
**ഗാനശുശ്രൂഷ :** ജെയിംസ് ജോൺ, ചെങ്ങന്നൂർ ബേബി
എന്ന് ഈ.സി. ജോൺ (കൺവീനർ)

**മണ്ണുത്തി, (തൃശൂർ) :** മണ്ണുത്തി ബ്രദറൺ സഭയും സിയോൻ മിഷൻ ചാരിറ്റബിൾ ട്രസ്റ്റും ചേർന്ന് 2008 ഫെബ്രു. 15- 17 വരെ മണ്ണുത്തിയിൽ സുവിശേഷ യോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, ബിനു മാത്യു, 'ബരേഖ' മ്യൂസിക് ടീമിന്റെ ഗാനശുശ്രൂഷയും ഉണ്ടായിരിക്കും. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി സഭകളായും വ്യക്തികളായും പ്രാർത്ഥിക്കണമേ എന്ന്, വിൽസൻ ജോർജ്ജ്, ബിനു എം. ജോർജ്ജ്.

**ബൊക്കാറോ സ്റ്റീൽ സിറ്റി :** ക്രിസ്റ്റ് ഭാരി ഗ്രാമത്തിൽ 2007 സെപ്റ്റം. 28-30 വരെ സുവിശേഷ യോഗങ്ങളും സംഗീതശുശ്രൂഷയും നടത്തുവാൻ സാധിച്ചു. കെ.ഗോപാലകൃഷ്ണൻ, ജെബി കെ. സൈമൺ, പി.സി. ശാമുവേൽ തുടങ്ങിയവർ വചനം ശുശ്രൂഷിച്ചു. 2008 ഏപ്രി. 25,26,27 തീയതികളിൽ ഒരു സുവിശേഷ യോഗവും നടത്തി സ്ഥലം സഭാകൂടിവരവ് തുടങ്ങുവാൻ ആഗ്രഹിക്കുന്നു. സുവിശേഷത്തിനായ് തുറക്കപ്പെട്ട ഒരു ഗ്രാമമാണിത്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. എന്ന് K. Gopalakrishnan, Qr. No. 2147/IV-A, SECTOR, IV B.S. CITY, JHARKAND, 827004.

**റാന്നി :** 60 ദിവസ പ്രവർത്തനങ്ങൾക്കായി ഒന്നാം ഘട്ട സുവിശേഷ യാത്ര 2008 ജനു. 1-ന് റാന്നിയിൽ നിന്നും കാസർകോഡിന് മോട്ടോർ സൈക്കിളിൽ പുറപ്പെടുവാനാണ് തീരുമാനിച്ചിട്ടുള്ളത്. സുവി. പി.പി. ജേക്കബ്, സിയാദ് മുഹമ്മദ് എന്നിവരാണ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ഈ യാത്ര എത്തിച്ചേരുന്ന സ്ഥലങ്ങളിൽ താല്പര്യമുള്ള സുവിശേഷകന്മാരും സഹോദരന്മാരും പരസ്യയോഗങ്ങളിൽ സഹകരിക്കുകയും പ്രവർത്തനങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. എന്ന് പി.പി. ജേക്കബ്, പേരകത്തുശ്ശേരിൽ, വലിയകാവ് പി.ഒ. 689675, റാന്നി, ഫോൺ. 04735200789 - 9961215128

**ബ്രദറൺ കൺവൻഷൻ കുന്നക്കുരുടി 2008**
**സ്ഥലം :** കുന്നക്കുരുടി ബ്രദറൺ സഭാഹാൾ ഗ്രൗണ്ടിൽ
**സമയം :** 2008 ജനു. 31 വ്യാഴം - ഫെബ്രു. 3ഞായർ വരെ. വൈകിട്ട് 6.30 മുതൽ
**പ്രസംഗകർ :** ജോർജ് ചാക്കോ, പി.വി. തമ്പി
യോഗാനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ.


RN.No. 36067/ 81
Postal Reg. No. KL/TLA/44/2006-08 dt. 09-09-
ആത്മപ്രകാശിനി

If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547

Printed and Published by
C.A.George


സഭയ്ക്കുവേണ്ടി വി.കുര്യാക്കോസ്

## വിലാസമാറ്റം

**എഴുമറ്റൂർ :** ശാലേം ബ്രദറൺ സഭയുടെ കത്തുകൾ താഴെപ്പറയുന്ന സഹോദരന്മാരുടെ പേരിൽ ആയിരിക്കണമേ. 1) P. T. George, Pazhampallil House, Ezhumattoor P.O.- 689 586, 2) M.M. Philip, Mulappone House, Ezhumattoor P.O. - 689 586

**നാരകത്താനി :** ബ്രദറൺ സഭയുടെ കത്തുകൾ താഴെപ്പറയുന്ന സഹോദരന്മാരുടെ പേരിൽ ആയിരിക്കണമേ. 1) ജെയിംസ് ഏബ്രഹാം, തൈപ്പറമ്പിൽ വീട്, നാരകത്താനി പി.ഒ. 689 544, 2) വർഗ്ഗീസ് ഏബ്രഹാം, പുള്ളോലിക്കൽ വീട്, വാളക്കുഴി പി.ഒ - 689 544.

**വയനാട് പാക്കം :** എ.എൻ വത്സലം, പി.ഒ. ബോക്സ് - 7, മീനങ്ങാടി പി.ഒ., വയനാട് - 673591. ഫോൺ : 9495144303.

**ചെങ്ങന്നൂർ :** ഇമ്മാനുവേൽ ബ്രദറൺ സഭയ്ക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം Emmanuel Brethren Assembly C/o A. V. Samu, Sams paradise, Peringala P.O., Mulakuzha, Chengannur - 689 505 എന്ന് സഭയ്ക്കു വേ ജോർജ് വർഗീസ്, എ.എം. തോമസ്.

**റാഞ്ചി**യിൽ നിന്നും പൂനയിലേക്ക് താമസംമാറ്റിയ സുവി. കെ.എ. പൗലൊസിന്റെ വിലാസം. K.A. Poulose, Siddhi Apartment Flat No.-102. C-Wing, Javer Nagar SR No.42, Hissa No. 2/1, Vadgaonsheri P.O, Pune - 411014, Phone (Mob): 09923888057.

**കൃഷ്ണഗിരി :** സഭയ്ക്കുള്ള കത്തുകൾ അയയ്ക്കേണ്ട വിലാസം Ebenezer Brethren Assembly, C/o M.T. Kurian, Manathara (H), Krishnagiri P.O, Meenangadi, Wayanad. എന്ന് എം.റ്റി. കുര്യൻ, പി.വി.ഫിലിപ്പ്, എം.എസ്. ഉണ്ണി.

**എസ്.പി.എസ്.ഫണ്ടിന്റെ** കത്തിടപാടുകൾ താഴെ കാണുന്ന വിലാസത്തിൽ ആയിരിക്കേണ്ടതാണ്. C.P. Aniyan, (Secretury, S.P.S. Fund), Cheralatholil, Thelliyur P.O., Venikkulam, - 689 544